Bills for introducing which leave has been granted by the Council, if a copy of the Bills has not been available for the use of the members for seven days and such objection shall prevail unless the President in the exercise of his power to suspend this provision allows its introduction.

Here there is no question of discussion or anything like that.

Rao Sahib K. Ayyappan *(Ezhuvas-Kanayannur)*: Even in the second stage publication before 7 days is necessary.

Mr. Deputy President: Only after leave to introduce there must be publication.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I do not want a ruling. I do not press it.

7. The Cochin Free Compulsory Primary Education Bill

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I move for leave to introduce the Cochin Free Compulsory Primary Education Bill.

Mr. P. Narayana Menon *(Trippunittura)*: I second it.

Motion put and carried

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Now I move that it will be read in Council. If explanation is necessary I am ready to explain.

Mr. Deputy President: You may explain your point.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I make this motion, Sir, for getting through the second stage of the Bill, namely introduction, after leave to introduce, has been granted by this House.

Mr. Deputy President: I have not given permission to introduce it.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: My submission is that permission is not necessary, but I have got a right under Standing Order 31. Permission is only necessary when a favour is solicited on that. I am within the Standing Order. I can assert my right. In explanation, this is how Standing Order 31 (1) reads. —"At any time after a Bill has been published in the Gazette, (and I do not come under that) or after leave to introduce has been given (I come under that) the member in charge of the Bill (that is myself) may introduce it (and I am doing it). But any member may object (nobody has objected it) to its introduction, if, in the case of a Bill that has been published in the Gazette, a period of one week has not elapsed between such publication and the date of introduction and, in the case of Bills for introducing which leave has been granted, by the Council, (that is the case here) if a copy of the Bill has not been available (that is the objection that will be raised) for the use of the members for 7 days (nobody will say that because it was sent to them more than a fortnight back) and such objection shall prevail unless the President in the exercise of his power to suspend this provision allows its introduction."

But nobody has raised this objection and therefore the question of prevailing of the objection does not arise. Therefore I am perfectly within the verdict of the Standing Order 31 (1) when I get up in my seat and move that the Bill may be read in Council, which I did.

Mr. M. Sivarama Menon *(Advocate-General)*: I object to the Bill being read in Council. Under paragraph 66 it is stated: "Save as otherwise provided for in the rules or standing orders, a member who wishes to move a motion shall give notice of his intention to the Secretary six clear days before the commencement of the meeting at which he intends to move the motion".

The leave to introduce the Bill is given. There has been no previous notice of the motion that the Bill may be read in Council.

Mr. Deputy President: That is not on the Agenda.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I want a ruling.

Mr. Deputy President: I have given my ruling.

NON-OFFICIAL RESOLUTIONS

5. Change in location of a Bund from Mayyar fields to Kurichipadam Chira

മിസ്റ്റർ എം. ഐ. പോൾ: സർ, എന്റെ പേരിൽ, അങ്ങാടത്തായിട്ടുള്ള ഈ റസല്യൂഷൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. "This Council recommends to the Government that in view of dire necessity of the Kurchipadam Chira Servey No. 637 in the Elamkunnapuzha village the work of the bund already started in the Mayyar fields which is adjacent to the

LIBRARY ARCHIVES Kerala Legislative Assembly

Kurichipadam chira should be taken away to the Kurichipadam chira for its completion and the expenditure for the conveyance of the materials of the bund has to be met either by the Government or by the Panchayat President of Elamkunnapuzha" എന്നുള്ളതാണ് എന്റെ പ്രമേയം. ഈ പ്രമേയം അയച്ചിട്ട് വളരെക്കാലമായി. എന്നാൽ ഈ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള പണി തുടങ്ങുന്നതിനുമുമ്പ് ഈ പ്രമേയത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഈ കൌൺസിലിൽ പ്രതിപാദിച്ചു് അതിനെക്കുറിച്ചു് ഈ കൌൺസിലിന്റെ അഭിപ്രായമെന്താണെന്നു കാണാം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ പ്രമേയം അയച്ചതു്. പക്ഷെ വളരെക്കാലമായിട്ടും ഈ പ്രമേയം ഇവിടെ ആലോചനക്കു വരാതിരിക്കുകയും എന്നാൽ പ്രമേയംകൊണ്ടുദ്ദേശിക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ തീരുമാനത്തിൽ എത്തുകയും അതനുസരിച്ചു് അവിടെ പണി തുടങ്ങുകയും ചെയ്തിരിക്കുന്നു. എന്നാലും ഇതിനെ സംബന്ധിച്ചു് രണ്ടു സംഗതികൾ പ്രത്യേകിച്ചു് എനിക്കു ഇവിടെയെ മനസ്സിലാക്കേണ്ട ചുമതലയുണ്ടു്. അതായതു് ഗവമ്മെണ്ടു് എവിടെയെങ്കിലും ഒരു പണിയെ ഉദ്ദേശിച്ചു് കല്പന പുറപ്പെടുവിച്ചാൽ, ആ പണിക്കുവേണ്ടി അനുവദിക്കുന്ന പണം ആ പണിക്കുമാത്രമല്ലാതെ മറ്റൊരു പണിക്കുവേണ്ടി ഉപയോഗിക്കുവാൻ പാടില്ല. പക്ഷെ ആ പണം വേറെ ഒരു പണിക്കു ഉപയോഗിക്കണമെന്നുണ്ടെങ്കിൽ ജനങ്ങളിൽ ഭൂരിപക്ഷത്തിന്റെ ഹിതമറിഞ്ഞു പ്രവൃത്തിക്കുകയല്ലാതെ, ജനങ്ങൾക്കു അഭിപ്രായമില്ലാത്ത ഒരു പണിക്കുവേണ്ടി ആ പണം ഉപയോഗിക്കുവാൻ പാടില്ല. അതൊരു നയമായി സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ഈ പ്രമേയത്തെ സംബന്ധിച്ചു് ആദ്യമായി പറയുവാനുള്ള ഒരു സംഗതി ഇതാണു്. എളങ്കുന്നപ്പുഴ വില്ലേജിലെ പുക്കാട്ടുശേരിയിലെ ജനങ്ങൾക്കു ഏറ്റവും ഉപകാരമായിട്ടുള്ള കുറിച്ചിപ്പാടം ചിറയിൽ സ്വൈ്യ നമ്പ്യു് ന്യൂ ൭-ൽ ഒരു ബണ്ടു് പണിയണമെന്നു് ഗവമ്മെണ്ടു് ഒരു കല്പന പുറപ്പെടുവിച്ചു എന്നുള്ളതാണു്. കല്പന പുറപ്പെടുവിച്ചിട്ടുള്ളതു കുറിച്ചിപ്പാടം ചിറയെ സംബന്ധിച്ചിടത്തോളം മാത്രമാണു്. ഈ കല്പനയെ ആദരിച്ചുകൊണ്ടു് ഗവമ്മെണ്ടു് ആ പണിക്കു ആറായിരം ഉറുപ്പിക അനുവദിക്കുകയും ചെയ്തു. ആറായിരം ഉറുപ്പിക അനുവദിച്ചതോടൊപ്പം ആ പണി നടത്തുന്നതിനു ടെണ്ടർ ആവശ്യപ്പെടുകയും ചെയ്തു. ആരും ടെണ്ടർ വെക്കുവാനുണ്ടായില്ല. ആ അവസരത്തിൽ പഞ്ചായത്തു പ്രസിഡണ്ടു്, ഇതിനനുവദിച്ചിട്ടുള്ള പണത്തിന്റെ നൂറിക്കു ൫ @ ൦ കൂടുതൽ അനുവദിക്കുന്നപക്ഷം പഞ്ചായത്തുകാർ ആ പണി ഏറ്റെടുക്കാമെന്നു ആവശ്യപ്പെട്ടതനുസരിച്ചു് ഗവമ്മെണ്ടു് അതു സമ്മതിക്കുകയും ആ പണിക്കു് അനുവദിച്ച സംഖ്യ ൫ ൫,൦൦൦ ക. യായിട്ടു വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ ഈ അവസരത്തിൽ അതു് ടെണ്ടറിനു വെക്കേണ്ട ചുമതല ഗവമ്മെണ്ടിനുണ്ടായിരുന്നു. ടെണ്ടർ ആവശ്യപ്പെടാതെ പഞ്ചായത്തുകാർക്കു ഈ പണി നടത്തുവാൻ ഗവമ്മെണ്ടു കല്പനകൊടുത്തു. ഇതിൽ ഗവമ്മെണ്ടിന്റെ നയം ഒരുതരത്തിലും ശരിയല്ലെന്നു ഞാൻ വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ എസ്റ്റിമേറിലേക്കു പണം കൂട്ടിയപ്പോൾ ഗവമ്മെണ്ടു ടെണ്ടർ ആവശ്യപ്പെട്ടില്ല. ഇതു ഗവമ്മെണ്ടിന്റെ പേരിൽ ഒരു തെറ്റായിട്ടുള്ള സംഗതിയാണെന്നാണ് എന്റെ അഭിപ്രായം. എന്നാൽ അതനുസരിച്ചു എസ്റ്റിമേറു തയ്യാറാക്കുകയും ആ എസ്റ്റിമേറു് പഞ്ചായത്തിന്റെ അനുമതിക്കു കൊണ്ടുവന്നപ്പോൾ പഞ്ചായത്തു മെമ്പർമാർ പ്രസിഡണ്ടുവർകളോടു ചോദിച്ചു "ഈ പണി എവിടെയാണു് നടത്തുവാൻ പോകുന്നതെന്നു്" പഞ്ചായത്തു് പ്രസിഡണ്ടു് അവരെ മനസ്സിലാക്കി, "അതു് കുറിച്ചിപ്പാടം ചിറയിലാണെന്നു്." ആ മെമ്പർമാർ അതു വിശ്വസിച്ചു. എസ്റ്റിമേറു പാസാക്കുകയും ചെയ്തു. എസ്റ്റിമേറിൽ ഒരു നിർദ്ദേശമുണ്ടായിരുന്നു അതായതു, ഇതോടുകൂടി മയ്യാർ നിലവും അടച്ചിടുന്നതായാൽ കൂടുതൽ ഗുണകരമായിരിക്കുമെന്നും അവിടെ രണ്ടു പൂവു് കൃഷി ചെയ്യാമെന്നും. കടലോരപ്രദേശത്തു രണ്ടു പൂപ്പു എടുക്കുന്ന സ്ഥലം ഒരു സ്ഥലത്തുമില്ല. എന്നാൽ മയ്യാർ നിലത്തിൽ രണ്ടു പൂപ്പെടുക്കാമെന്നു നിർദ്ദേശിച്ചതിന്റെ രഹസ്യം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. എസ്റ്റിമേറു പാസാക്കി, പണി ആരംഭിച്ചു. എന്നാൽ കല്പന പുറപ്പെടുവിച്ചപ്പോഴും പണം അനുവദിച്ചപ്പോഴും പണി തുടങ്ങുവാൻപോയ അവസരത്തിലും ആ സംഖ്യ മുഴുവൻ കുറിച്ചിപ്പാടം ചിറയിൽ ചിലവാക്കുമെന്നായിരുന്നു ജനങ്ങളുടെ ഉദ്ദേശം. പക്ഷെ പണി തുടങ്ങിയതു് കുറിച്ചിപ്പാടം ചിറയുടെ അടുത്തുള്ള മയ്യാർ നിലത്തിലാണു്. ഈ രണ്ടു സ്ഥലങ്ങൾക്കും രണ്ടു സ്വൈ്യ നമ്പ്രാണു്. കുറിച്ചിപ്പാടം ചിറയുടെ സ്വൈ്യ നമ്പ്യു് ന്യൂ ൭ ആണു്. മയ്യാർ നിലം ന്യൂ ന്യൂ, ന്യൂ ൭, ന്യൂ൨ എന്നീ സ്വൈ്യ നമ്പുകളിലാണു്. മയ്യാർ നിലത്തിൽ പണി തുടങ്ങിയപ്പോൾ ജനങ്ങൾ വളരെ പരിഭ്രമിച്ചു അവിടെയുള്ള നിലമട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരിൽ മിക്കവരും അവിടെ ചിറ ആവശ്യമില്ലെന്നും അതാവശ്യമുള്ളതു് കരിച്ചിപ്പാടത്താണെന്നും അഭിപ്രായപ്പെട്ടു. മയ്യാർ നിലത്തിൽ അധികാരം നിലവും പഞ്ചായത്തു പ്രസിഡണ്ടിന്റേയും അദ്ദേഹത്തിന്റെ കുടുംബക്കാരുടേയും ആണു്. മയ്യാർ നിലം ഫർ ആളുകളുടെ വകയാണു്. അതിൽ പത്തുപേരും മയ്യാർ നിലത്തു ഈ പണി തുടങ്ങിയപ്പോൾ ആ പണി അവിടെ ആവശ്യമില്ലെന്നു പറയുകയും അവർ മിനിസ്റ്ററുടെ അടുത്തു സ്റ്റേറ്റുമെന്റു നടപ്പിക്കുകയും ചെയ്തു. ആ സ്റ്റേറ്റുമെന്റിനെക്കുറിച്ചു മിനിസ്റ്റർ യാതൊന്നും ഗൌനിച്ചില്ലെന്നകാര്യം പ്രസ്താവയോഗ്യമാണു്. പണി തുടങ്ങിയ അവസരത്തിൽ മിനിസ്റ്റർ അവർകളെ ഈ കാര്യം മനസ്സിലാക്കി. ഫ ഫ ഫ കന്നി ൧-ാംനു- മിനിസ്റ്റർ അവർകൾ സ്ഥലം സന്ദർശിക്കുകയും ഉടനെതന്നെ പണി നിറുത്തിവെക്കുവാൻ മിനിസ്റ്റർ ആർഡർ കൊടുക്കുകയും ചെയ്തു. അതിനുശേഷവും മിനിസ്റ്റർ ആ സ്ഥലം സന്ദർശിച്ചു. ആ സമയം അവിടെ സന്നിഹിതരായിരുന്ന ഫ,ങ ൦ ൦ൾ പരം ജനങ്ങൾ ഈ ചിറ മയ്യാർ നിലത്തിൽ വേണ്ടെന്നും അതു കരിച്ചിപ്പാടത്തേക്കു മാറേണ്ടതാണെന്നും ആവശ്യപ്പെട്ടു. ഫ ഫ ഫ ഉലാം ഫസ്:ാംനു- ഞാൻ നേരിട്ടു ബഹുമാനപ്പെട്ട മന്ത്രി അവർകളെ കണ്ടു് മന്ത്രി അവർകൾ ഇതിനെക്കുറിച്ചു് ശരിക്കു അന്വേഷിക്കേണ്ടതാണെന്നും അവിടത്തെ ജനകീയാഭിപ്രായം മയ്യാർ നിലത്തിലെ പണി നിറുത്തിവെക്കേണ്ടതാണെന്നും അതു് കരിച്ചിപ്പാടത്താണു് നടത്തേണ്ടതെന്നും മറ്റും ഞാൻ ധരിപ്പിക്കുകയും ചെയ്തുകയുണ്ടായി. ആ അവസരത്തിൽ ജനങ്ങളുടെ ആവശ്യം അതാണെന്നു തനിക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നു മിനിസ്റ്റർ അവർകൾ എന്നോടു പറയുകയും ചെയ്തു. എന്നാൽ അതിനുശേഷം മിനിസ്റ്റർ അവർകൾ ഇതിനെ സംബന്ധിച്ചു് കൂലങ്കഷമായി അന്വേഷിക്കുന്നതിനു് ഒരവസരം നൽകി. വക്കാലത്തുമുഖേനയുള്ളവരും ഞാനും പഞ്ചായത്തുപ്രസിഡണ്ടും മിനിസ്റ്ററുടെ അടുത്തു് ഒരു കോൺഫറൻസ് കൂടി. ആ കോൺഫറൻസിലെ വലിയ വാദപ്രതിവാദത്തിനുശേഷം ഒരു തീർപ്പു കല്പിച്ചു. അതായതു മയ്യാർ നിലത്തിലെ പണി തുടരുവാനും കരിച്ചിപ്പാടത്തു് ഒരു പാലം ഇടുവാനും കല്പന കൊടുത്തു. ജനകീയമന്ത്രി ജനങ്ങളുടെ അഭിലാഷം നിറവേറുകയല്ല ചെയ്തിരിക്കുന്നതു്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഒരുതരത്തിലും അഭിനന്ദിക്കുവാൻ ഞാൻ ഒരുക്കമില്ല. മന്ത്രി അവർകൾ ഈ സ്ഥലം സന്ദർശിച്ചവേളയിൽ ജനങ്ങൾ മന്ത്രിയെ കാണുകയും ഹർജികൾ കൊടുക്കുകയും ചെയ്തിട്ടുള്ള പരമാർത്ഥവും ഇവിടെ പ്രസ്താവിക്കാതെ നിവൃത്തിയില്ല.

മന്ത്രിയെ അഭിനന്ദിക്കുവാൻ ഞാൻ ഒരുങ്ങുന്നില്ല. ക്രൂരാതെ മന്ത്രി അവർകൾ സ്ഥലം സന്ദർശിച്ച അവസരത്തിൽ പലരും നേരിട്ടുകണ്ടു് പറയുകയും പല ഹർജികളും അയക്കുകയും ഡെപ്യൂട്ടേഷൻ ഉണ്ടാകയും ചെയ്ത എന്നും മറ്റുമുള്ള പരമാർത്ഥവും പ്രസ്താവിക്കാതെ തരമില്ല. എന്നാൽ മന്ത്രി അവർകളുടെ പ്രവൃത്തികളെ നീതീകരിക്കുവാൻ വേണ്ടി ഇതിനു മുമ്പിലത്തെ മന്ത്രിയായ മിസ്റ്റർ ടി. കെ. നായരുടെ ഒരെഴുത്തു മേടിക്കുവാനിടയായി. ഇന്നത്തെ ബഹുമാനപ്പെട്ട മന്ത്രിക്കു സ്വതന്ത്രമായ അധികാരം ഉള്ളപ്പോൾ മൻമന്ത്രിയുടെ അഭിപ്രായം ചോദിക്കുവാനിടവന്നതിൽ ഞാൻ പരിതപിക്കുന്നു. അന്നത്തെ മന്ത്രിയുടെ അഭിപ്രായം എന്തെങ്കിലുമായിക്കൊള്ളട്ടെ. ഇപ്പോഴത്തെ മന്ത്രിയുടെ സ്വതന്ത്രമായ പ്രവൃത്തനത്തെയാണു് ഞങ്ങൾ വീക്ഷിക്കുന്നതു്. നല്ല പ്രവൃത്തികൾ ചെയ്യേണ്ട മന്ത്രി, ദോഷമായാലും ഗുണമായാലും ഒരു ശരിയായ ഉറച്ച നയമാണു് സ്വീകരിക്കേണ്ടതു്. അതുകൊണ്ടു് മന്ത്രി പൊതുജനങ്ങളുടെ ഗുണത്തെ ലാക്കാക്കി അതിനു പറ്റിയ പണി എതൊ അതു് തുടങ്ങണമെന്നും, ചിറ ഇട്ടിട്ടുണ്ടെങ്കിൽ അതു് ജനങ്ങളുടെ ചിലവിന്മേൽതന്നെ പൊളിച്ചു മാറ്റുവാൻ തയ്യാറാണെന്ന സ്റ്റേറ്റുമെൻറു കൊടുത്തിട്ടുള്ള സ്ഥിതിക്കു് ജനങ്ങൾക്കാവശ്യമുള്ള സ്ഥലത്തേക്കു് അതു് പൊളിച്ചുമാറ്റണമെന്നും ഞാൻ പറയുന്നു. ഞാൻ ഈ പ്രമേയം സഭമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

* മിസ്റ്റർ പി. ടി. ജേക്കബ്:- സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഈ നിലവും ഈ ചിറയും ഞാൻ നേരിട്ടു കണ്ടിട്ടുള്ളതാണു്. ബഹുമാനപ്പെട്ട മന്ത്രിയും ആ സമയത്തു് അവിടെയുണ്ടായിരുന്നു. മന്ത്രിയെ ചില പ്രത്യേക താല്പര്യങ്ങളോടുകൂടി കണ്ടിട്ടുള്ളവരുമുണ്ടു്. പക്ഷെ ഫസ്റ്റ്-ാം സപ്തംബറിൽ ഒരു ചിറ പണിയുന്നതിനു ജനങ്ങൾ ആവശ്യപ്പെടുകയും അതിനു ഒരു കല്പന പുറപ്പെടുവിക്കുകയും ചെയ്തതിനുശേഷം അവിടെയല്ലാ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

തെ—സക്കാരിന്റെ പണം, പൊതുജനങ്ങളുടെ പണം, ശരിയായ നിലയിൽ ചിലവഴിക്കുന്നതിനുള്ള ഉത്തരവാദിത്വം ഗവൺമെണ്ടിനുണ്ടെങ്കിൽ ആ കല്പന അനുസരിച്ചുള്ള സ്ഥലത്തല്ലാതെ—പണി തുടങ്ങുവാൻ പാടുള്ളതല്ല. പിന്നെ അവതാരകൻ പറഞ്ഞതുപോലെ ഒരു തുണ്ടു കടലാസുമൂലമൊ, അതൊ വാക്കാലൊ മറ്റൊ മാറിപ്പോയ മന്ത്രി മയ്യാരത്തു പണി തുടങ്ങുന്നതിനു പറഞ്ഞിട്ടുണ്ടെന്നു പറഞ്ഞു ആ പണി ആദ്യം നിശ്ചയിച്ച സ്ഥലത്തുനിന്നു് അങ്ങോട്ടു മാറ്റുകയാണെങ്കിൽ അതെത്രത്തോളം ശരിയാണെന്നു ബഹുമാനപ്പെട്ട നിയമസഭാമെമ്പർമാർ പറഞ്ഞാൽകൊള്ളാം. കല്പന കടലാസുമുഖേന ഒന്നു്. വാക്കാൽ മറ്റൊന്നു്. ഇതു് രണ്ടിന്റേയും ഇടയിൽ ജനങ്ങൾ ഏതാണു് സ്വീകരിക്കേണ്ടതു് എന്നു മനസ്സിലാകുന്നില്ല. നിയമപ്രകാരമുള്ള കല്പനയനുസരിച്ചോ, അതൊ വെറും വാക്കാലുള്ള കല്പനയനുസരിച്ചോ, ഏതനുസരിച്ചാണു് നാം കാര്യങ്ങൾ നടത്തേണ്ടതു്? ഈ ചിറ മയ്യാരത്താണോ അത്യാവശ്യമെന്നുള്ളതു് ആ സ്ഥലം കണ്ടാൽ മനസ്സിലാകും. മയ്യാരത്തേക്കാൾ കുറിച്ചിപ്പാടത്താണു് ഈ ചിറയുടെ ആവശ്യമെന്നു അപ്പോൾ ബോദ്ധ്യപ്പെട്ടതാണു്. മയ്യാരം നിലങ്ങൾ പഞ്ചായത്തു പ്രസിഡണ്ടിന്റേയൊ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടേയൊ അല്ലെങ്കിൽ സ്നേഹിതന്മാരുടേയൊ ആണു്. അങ്ങിനെ ഏതു നിലയിലും ഒന്നു രണ്ടാളുകളുടെ വകയാണു് ആ നിലത്തിൽ ഭൂരിഭാഗവുമെന്നു കാണ്മാൻ സാധിക്കും. ൨൯, ൦൦൧ രൂപാ പൊതുഫണ്ടിൽനിന്നെടുത്തു് പഞ്ചായത്തുപ്രസിഡണ്ടിന്റെ ആവശ്യത്തിന്നായി ചിലവാക്കിയിരിക്കുന്നു. ൨൦൦-ൽ ചിലപ്പോൾ പറക്കുള്ള നിലങ്ങൾ മറ്റാളുകളുടെ വകയായും ഉണ്ടു്. ഇനി ഗതാഗതസൌകര്യം നോക്കിയാൽ നിശ്ചയമായും കുറിച്ചിപ്പാടം ചിറ ഇട്ടതുകൊണ്ടാണു് ഗതാഗതസൌകര്യം കൂടുതലുള്ളതെന്നു മനസ്സിലാക്കുവാൻ വിഷമമില്ല. പുറത്തേക്കു സാമാനങ്ങൾ കൊണ്ടുപോകുവാനും പുറത്തുനിന്നു സാമാനങ്ങൾ കൊണ്ടുവരുവാനും ഈ കുറിച്ചിപ്പാടം ചിറതന്നെയാണു് കൂടുതൽ ഉപകാരമെന്നു മനസ്സിലാക്കുവാൻ വിഷമമില്ല. ഇങ്ങിനെ നോക്കിയാൽ പൊതുജനങ്ങളുടെ താല്പര്യങ്ങൾക്കു വിരുദ്ധമായിട്ടാണു് ഇപ്പോഴത്തെ ചിറ പണി നടത്തുന്നതെന്നു ബോദ്ധ്യമാകും.

അതിനാൽ നിഷ്പക്ഷമായ നിലയിൽ അന്വേഷണം നടത്തി അതനുസരിച്ചു പ്രവൃത്തിക്കേണ്ടതാണെന്നും തെറ്റുചെയ്തിട്ടുണ്ടെങ്കിൽ ആ തെറ്റു തിരുത്തേണ്ടതാണെന്നുമുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ബഹുമാനപ്പെട്ട കൊച്ചിൻ ലെത്തീൻമെമ്പർ പറഞ്ഞതുപോലെ ഞാനും ഈ സ്ഥലം കണ്ടിട്ടുള്ളതാണു്. കുറിച്ചിപ്പാടത്തിന്റേയും മയ്യാരം പാടത്തിന്റേയും മദ്ധ്യത്തിൽകൂടി ഒരു തോട്ടുണ്ടു്. ചിറ കെട്ടണമെന്നു പറയുന്നതു് കുറിച്ചിപ്പാടത്തിന്റെ തെക്കെ അറ്റത്തുള്ളവരാണു്. അതിനു ൨൦൦ അടി നീളമുണ്ടു്, ൩൨ അടി ആഴവുമുണ്ടു്. മയ്യാരം ഇതിന്റെ വടക്കെ അറ്റമാണു്. അതിന്റെ തെക്കെ അറ്റത്താണു് ഇപ്പോൾ ചിറ പണിയുന്നതു്. അതിനു ൯൦൦ അടിയേ നീളമുള്ളു. ഇതിൽ ഒരു സ്ലൂസുകെട്ടിയാൽ രണ്ടുനിലങ്ങൾക്കും രക്ഷകിട്ടും. നിഷ്പക്ഷമായി നോക്കിയാൽ ഇതിൽ രണ്ടുകൂട്ടർക്കും രക്ഷയുണ്ടു്. കുറിച്ചിപ്പാടത്തിന്റെ കിഴക്കെഭാഗം പറമ്പുകളാണു്. മയ്യാരം പാടത്തിൽ ഇപ്പോൾ കെട്ടിയിരിക്കുന്ന ചിറയുടെ കിഴക്കേഭാഗത്തു് ഒരു സ്ലൂസുകെട്ടിയാൽ രണ്ടു നിലങ്ങളിലും ഉപ്പുവെള്ളം കയറുകയില്ല. ചിലവും വളരെ ചുരുക്കാം. എന്നാൽ മയ്യാരം പാടത്തിന്റെ ഇടക്കിടക്കു് മടൽ മൂടുന്നതിനുള്ള കഴിച്ചിലുണ്ടു്. മീൻപിടുത്തക്കാരുമുണ്ടു്. ഇവരുടെ ആവശ്യം ഉപ്പുവെള്ളം കയറേണ്ടതാണു്. ഇങ്ങിനേയുള്ള ആളുകൾ— മയ്യാരം നിലമുടമസ്ഥന്മാരുടെ എതിരാളികൾ—വ്യക്തിവിദ്വേഷംവെച്ചുകൊണ്ടു് ചില അപേക്ഷകളുണ്ടാക്കി ആളുകളെക്കൊണ്ടു് ഒപ്പിടുവിച്ചു മേടിച്ചു. ഈ ഒപ്പിട്ടുകൊടുത്തിട്ടുള്ളവരിൽ വളരെ കുറച്ചുപേർക്കേ നിലങ്ങളുള്ളു. അതുകൊണ്ടു് അവർക്കതിൽ ഒപ്പിട്ടുകൊടുക്കുന്നതിൽ വലിയ വിരോധമില്ല. ഈ ൨൦൦ അടി നീളമുള്ള തോട്ടിൽ ബണ്ടുകെട്ടിയാൽ ൨൦൦ പറ നിലങ്ങളെ മാത്രമെ രക്ഷിക്കുവാൻ സാധിക്കയുള്ളു. അതുകൊണ്ടു് ൩൨ അടി ആഴമുള്ള ആ സ്ഥലം നികത്തി വളരെ പണം ചിലവാക്കി ൨൦൦ പറക്കുള്ള നിലങ്ങളെ രക്ഷിക്കുവാൻ ഒരുങ്ങുന്നതൊ അതൊ രണ്ടരയൊ മൂന്നൊ അടി വെള്ളമുള്ള സ്ഥലത്തു് ഒരു സ്ലൂസിട്ടു വളരെ ചുരുങ്ങിയ ചിലവിൽ അറുനൂറോളം പറയുള്ള നിലങ്ങളെ രക്ഷിക്കുവാൻ ഒരുങ്ങുന്നതൊ ഏതാണു് നല്ലതെന്നും ഏതാണു് ചിലവു് ചുരുക്കമെന്നും ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പർമാർ ആലോചിക്കേണ്ട

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

താണ്. ആക്ഷേപം കിട്ടിയപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇഞ്ചെംഗ്ഷൻ ഓർഡർ കൊടുത്തു. അതിനുശേഷം പിന്നീട് അതു് പണിയുവാൻ ഓർഡർ കൊടുത്തു എന്നു പറയുന്നതു് ശരിയായിരിക്കാം. ഒരാക്ഷേപം കിട്ടിയാൽ സ്ഥലത്തു് അന്വേഷണത്തിനു വരുന്നതുവരെ പണി നിറുത്തിവെക്കണമെന്നു ഓർഡർ കൊടുത്തിട്ടുണ്ടെങ്കിൽ അതു് വളരെ ഉചിതമായ ഒരു പ്രവൃത്തിയായിരിക്കും ബഹുമാനപ്പെട്ട മന്ത്രി ചെയ്തതു്. ഇരുഭാഗത്തെയും വാദം കേട്ടതിനു ശേഷം ഇപ്പോൾ പണിയുന്ന സ്ഥലത്തുതന്നെയാണു് പണിയേണ്ടതെന്നു ബോദ്ധ്യം വന്നതുകൊണ്ടു് പണി തുടർന്നുപോകാൻ കല്പനകൊടുക്കേണ്ടതു് മന്ത്രിയുടെ ചുമതലയുമാണു്. അങ്ങിനെ ചെയ്തിട്ടുണ്ടെങ്കിൽ അതു് ഉചിതമായിട്ടുണ്ടെന്നു എതിർപക്ഷത്തെ ആളുകൾപോലും സമ്മതിക്കും. ക്ഷേണസാധനങ്ങൾ ഏറ്റവുമധികം ഉണ്ടാക്കേണ്ട ആവശ്യം നേരിട്ടിട്ടുള്ള ഈ കാലത്തു് പ്രത്യേകിച്ചും ചിലവു് ഏറ്റവും ചുരുക്കി വ്യക്തിവിദ്വേഷങ്ങൾ മാറ്റിവെച്ചു് കഴിയുന്നേടത്തോളം സാധനങ്ങൾ ഉണ്ടാക്കുവാൻ ശ്രമിക്കണ്ടതു് ഗവൺമെണ്ടിന്റെതന്നെയല്ല ജനങ്ങളുടേയും കടമയാണു്. ഓരോ നിലങ്ങളിലും പ്രത്യേകം പ്രത്യേകം നെല്ലുണ്ടാക്കുവാൻ ശ്രമിക്കുമ്പോൾ കൃഷിയിൽ സാങ്കേതികജ്ഞാനമുള്ളവർ, ഒരു നിലത്തെ രക്ഷിക്കുന്നതിനുള്ള ചിലവുകൊണ്ടു് അനേകം നിലങ്ങളെ രക്ഷിക്കുവാൻ കഴിയുമെന്നു അഭിപ്രായപ്പെട്ടാൽ, അതനുസരിച്ചു് പ്രവൃത്തിക്കേണ്ടതായിവരും. പഞ്ചായത്തു രേഖകൾ നോക്കിയാലും ഇതു് എല്ലാ മെമ്പർമാരുംകൂടി പാസ്സാക്കീട്ടുള്ളതാണെന്നു മനസ്സിലാകും. നിർഭാഗ്യവശാൽ അവിടത്തെ പഞ്ചായത്തു പ്രസിഡണ്ടിന്റെ കൂറെ നിലങ്ങൾ അതിൽ പെട്ടിട്ടുണ്ടെങ്കിൽ, ആ നിലങ്ങളെ രക്ഷിക്കുവാൻ പാടില്ലാത്ത ഒരു പരിതസ്ഥിതി സൃഷ്ടിക്കണമെന്നു പൊതുജന നേതാക്കന്മാർ വിചാരിക്കുന്നുണ്ടെങ്കിൽ, അതിനേക്കാൾ ഹിമാലയൻ മണ്ടത്തരം വേറെയില്ല. ഇത്തരം വ്യക്തിവിദ്വേഷങ്ങൾവെച്ചുകൊണ്ടു് ഇത്തരം സംഗതികൾ നിയമസഭയിൽ കൊണ്ടുവന്നു വാദപ്രതിവാദം ചെയ്യുന്നതു് ശരിയല്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ആർ പറഞ്ഞു വ്യക്തിവിദ്വേഷംകൊണ്ടാണെന്നു്?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഏതെയമുള്ളവരിൽ, നിഷ്പക്ഷബുദ്ധികളിൽ ഒരാൾ ആ സ്ഥലത്തു് ചെന്നുനോക്കിയാൽ ഇതു് വ്യക്തിവിദ്വേഷംവെച്ചുകൊണ്ടു് പറയുന്നതാണെന്നു് ബോദ്ധ്യമാകുമെന്നും അങ്ങിനെയല്ലെന്നു തെളിയിക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ലെന്നും ഞാൻ നിങ്ങളെ വെല്ലുവിളിച്ചുകൊള്ളുന്നു.

മിസ്റ്റർ സി. എസ്സ്. പണിക്കർ: പഞ്ചായത്തിൽനിന്നു എഴുതി അയച്ചോ അതേസ്ഥലത്താണു് ചിറ പണിയേണ്ടതെന്നു്?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതെ, ആ സ്ഥലത്തുതന്നെ. പഞ്ചായത്തിലെ മെമ്പർമാർ മുഴുവൻ മണ്ടന്മാരാകുമോ? ഒരു എസ്റ്റിമേറു കൊണ്ടുവന്നു. ആ എസ്റ്റിമേറു് നോക്കിയാൽ ഉദ്ദേശിച്ചിരിക്കുന്ന പണിയും മറ്റും മനസ്സിലാക്കാം.

മിസ്റ്റർ എം. ഐ. പോൾ: എസ്റ്റിമേറു പഞ്ചായത്തിൽനിന്നാണു് പാസ്സാക്കിയതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സാധാരണ ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തി പല നിലങ്ങളൊന്നിച്ചു കൂട്ടായിട്ടു കിടപ്പുണ്ടെങ്കിൽ അതിൽ കൂടുതൽ നിലങ്ങൾ ഏതാണെന്നു്, ആ നിലങ്ങൾക്കു പറഞ്ഞുവരുന്ന പേരാണു് പൊതുവെ പറയുന്നതു്. അതുപോലെയാണു് ഇതിലും ചെയ്തിട്ടുള്ളതു്. ഇതേ ഇതിൽ പരമാർത്ഥമുള്ളൂ. ഞാൻ ഈ സ്ഥലം കണ്ടിട്ടുള്ളതാണു്. വെറും വ്യക്തിവിദ്വേഷംകൊണ്ടാണു് ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. അതുകൊണ്ടു് ഈ പ്രമേയം പിൻവലിക്കണമെന്ന അപേക്ഷയോടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

***Mr. P. Narayana Menon** *(Trippunittura)*: On a point of information, Sir, ഈ ചിറയുടെ പണി തുടർന്നുപോയിട്ടുണ്ടോ, അതോ അങ്ങിനെതന്നെ കിടക്കുന്നുവോ?

Mr. Parambi Lonappen *(Minister for Rural Development)*: Almost complete.

മിസ്റ്റർ പി. നാരായണമേനോൻ: അതിനു ശേഷം അന്വേഷണം നടത്തിയിട്ടാണോ തുടരാൻ ഓർഡർ കൊടുത്തതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നാരായണമേനോൻ : അങ്ങിനെ തുടരാനുള്ള കാരണങ്ങളും എന്തൊക്കെയാണെന്നു് പറഞ്ഞാൽ കൊള്ളാം ?

ഈ പറഞ്ഞ നിലം എളങ്കുന്നപ്പുഴ വില്ലേജിലാണു്. എന്റെ constituencyയാണു്. അതുകൊണ്ടു് അതു നോക്കിക്കൊണ്ടാനും, അതിനെസംബന്ധിച്ചു ചില സംഗതികളും എനിക്കു മനസ്സിലാക്കുവാനും സാധിച്ചിട്ടുണ്ടു്. അവരാരുകന്റെ വാദമുഖത്തിൽനിന്നു തന്നെ ചിലചില കാര്യങ്ങളിൽ അദ്ദേഹത്തിനു പൂർണ്ണവിദ്വേഷമൊ പക്ഷപാതിത്വമൊ എന്തൊ ഉണ്ടെന്നു വിചാരിക്കാൻ, ഈ സ്ഥലം കാണാതെകണ്ടുതന്നെ കേൾക്കുന്നവർക്കു സാധിക്കും. പഞ്ചായത്തു പ്രസിഡണ്ടിന്റെ വക കുറച്ചു നിലം ഈ ചിറക്കകത്തുണ്ടു്. അതിനു് ഈ ചിറകൊണ്ടു രക്ഷ കിട്ടീട്ടുണ്ടെന്നാണു് അദ്ദേഹത്തിന്റെ വാദമുഖങ്ങളിൽ ഒന്നു്. നിലമുണ്ടെന്നുള്ളതും അതിനു രക്ഷ കിട്ടീട്ടുണ്ടെന്നുള്ളതും പരമാർത്ഥമാണു്. അതേസമയത്തുതന്നെ അദ്ദേഹം പറയുന്നു, കുറിച്ചിപ്പാടം നിലത്തിനും ഈ ചിറകൊണ്ടു രക്ഷ കിട്ടീട്ടില്ലെന്നു് അദ്ദേഹത്തിനു തെളിയിക്കാൻ സാധിച്ചിട്ടില്ലെന്നു്. ഒരു ചിറകൊണ്ടു രണ്ടു നിലങ്ങൾക്കും ഒരുപോലെ രക്ഷ കിട്ടുമെങ്കിൽ ആ ചിറയാണു്, അല്ലാതെകണ്ടു ഒരെണ്ണത്തിനു മാത്രം രക്ഷ കിട്ടുന്ന ചിറയല്ല ആവശ്യമെന്നുള്ളതു തീർച്ചയാണു്. ഇപ്പോൾ ഉള്ള ചിറകൊണ്ടു പഞ്ചായത്തു പ്രസിഡണ്ടിന്റെ നിലത്തിനും അദ്ദേഹം പറയുന്ന മയ്യാർപാടത്തിനും ഒന്നുപോലെ രക്ഷ കിട്ടുകയും ചെയ്യും. ചിലവും ആദ്യത്തേക്കാൾ കുറവാണു്. കുറിച്ചിപ്പാടത്തിനുതന്നെ രക്ഷ കിട്ടത്തക്കവിധത്തിൽ ഉള്ള ഒരു ചിറയാണു് ആദ്യം തുടങ്ങിയതു്. ആ ചിറക്കു നീളം വളരെ കൂടും. അതനുസരിച്ചു ചിലവും വളരെ കൂടും നേരെമറിച്ചു് ഇപ്പോഴുള്ള ചിറയ്ക്കു നീളം കുറവാണു്. ആ തോതനുസരിച്ചു ചിലവും കുറവാണു്. രണ്ടു നിലങ്ങൾക്കും ഒന്നുപോലെ രക്ഷ കിട്ടുകയും ചെയ്യും. പഞ്ചായത്തുപ്രസിഡണ്ടായതുകൊണ്ടു് അദ്ദേഹത്തിനു വല്ല വസ്തുക്കളുമുണ്ടെങ്കിൽ ഗവർമ്മേണ്ടു പണം ചിലവു ചെയ്തു് ഉണ്ടാക്കുന്ന രക്ഷാവ്യവസ്ഥകളിൽ ആവക വസ്തുക്കൾക്കും വല്ലതും പെട്ടുപോയാൽ, അതിനെപ്പറ്റി ഒച്ചപ്പാടുണ്ടാക്കി പുറത്തു ചാടിക്കണമെന്ന നമ്മെക്കൊണ്ടു ശാസിച്ചുതുടങ്ങിയാൽ പഞ്ചായത്തുപ്രസിഡണ്ടാകാൻ ആളുകൾക്കും നന്നെ ഭയപ്പെടുമെന്നാണു് എനിക്കു പറയാനുള്ളതു്. പഞ്ചായത്തുപ്രസിഡണ്ടിന്റെ നിലത്തിനുകൂടി ഈ ചിറകൊണ്ടു് രക്ഷ കിട്ടുന്നുണ്ടു്; അതിന്റെ രക്ഷ നോക്കാതെ ആ നിലം പറത്തിട്ടു കുറിച്ചിപ്പാടത്തിനു മാത്രം രക്ഷകിട്ടത്തക്കവിധം കൂടുതൽ പണം ചിലവു ചെയ്തു് ഒരു ചിറയാണു് ഉണ്ടാക്കേണ്ടതു് എന്നു പറഞ്ഞാൽ, ഇനി മേലിൽ പഞ്ചായത്തു പ്രസിഡണ്ടന്മാരാകുന്ന ആളുകൾ എല്ലാം പൊതുസ്വത്തുപയോഗിച്ചുണ്ടാക്കുന്നതായ യാതൊരു സ്ഥലങ്ങളും അവരുടെ ഉപയോഗത്തിനു പറത്തക്കവിധത്തിൽ ആകാതെ പ്രത്യേകം സൂക്ഷിക്കണമെന്നാണു് അതിന്റെ താല്പര്യം. ഇതല്ലാതെ ഈ ചിറക്കു് ഒരു വൈഷമ്യവും ഞാൻ കാണുന്നില്ല. സാധാരണ ഈവക നിലങ്ങളിൽ കൃഷിക്കു മാത്രമല്ല, മറ്റു പലവിധതാല്പര്യക്കാരും പലവിധ ഉദ്ദേശങ്ങളോടുകൂടിയവരായി കണ്ടുവരാറുണ്ടു്. ചിറയുടെ പ്രധാനഉദ്ദേശം കൃഷിയാണെങ്കിലും കൃഷിക്കു പറ്റിയ സ്ഥലത്തു വേറെ പല ആവശ്യങ്ങളും നടത്താമെന്നു വിചാരിക്കുന്നവരുമുണ്ടായേക്കാം. പക്ഷെ കൃഷിയാണല്ലൊ പ്രധാനമായ ആവശ്യം. അതുകൊണ്ടു് കൃഷിക്കു പറ്റിയ സ്ഥലത്തു് ഏറ്റവും കുറഞ്ഞ ചിലവിലാണു ചിറ കെട്ടേണ്ടതു്. ഈ ചിറ അനുവദിച്ചിട്ടുള്ളതു് കൃഷിയുടെ ആവശ്യത്തിന്നാണെന്നുള്ളതിനു് യാതൊരു തർക്കവുമില്ല. അതുകൊണ്ടു് മറ്റു താല്പര്യക്കാർക്കു് അവരുടെ ഉദ്ദേശം ഈ ചിറകൊണ്ടു് സാധ്യമല്ല എന്നുണ്ടെങ്കിൽ അതിനു് ഈ ചിറ നിർമ്മിച്ചവർ ഉത്തരവാദികളല്ല. സാധാരണ ഈ നിലങ്ങളിൽ മടൽ മൂടുക, മത്സ്യം പിടിക്കുക ഇങ്ങിനെ പലപല കാര്യങ്ങളും നടന്നുവരുന്നുണ്ടു്. ഇപ്പോഴത്തെ ചിറകൊണ്ടു് ഈവക വ്യവസായങ്ങൾക്കു കുറെയെല്ലാം തടസ്ഥം നേരിട്ടേക്കുമെന്നുള്ള പരമാർത്ഥം മറച്ചുവെക്കത്തക്കതല്ല. ഈ ആവശ്യത്തിനു വേണ്ടി ഇരുന്നൂറു പറയോളം വരുന്ന നിലത്തിന്റെ രക്ഷ നോക്കാതെ അതെങ്ങിനെയെങ്കിലും നശിക്കട്ടെ എന്നുവെച്ചു്, ആ നിലങ്ങൾ പറത്തിട്ടു, കുറിച്ചിപ്പാടത്തിനു മാത്രം രക്ഷ കിട്ടത്തക്കവിധത്തിൽ, മറ്റു താല്പര്യങ്ങൾ സാധിക്കത്തക്കവിധത്തിൽ ചിറയിടുന്നതു്, പൊതുഫണ്ടിൽ നിന്നും ചിലവു ചെയ്തു് ചിറയിടുന്നതു് ഒരിക്കലും ന്യായമായിരിക്കുമെന്നു തോന്നുന്നില്ല. തോടിന്റെ ഗതാഗതസൌകര്യത്തെക്കുറിച്ചും ഈ പ്രമേയം അവതരിപ്പിച്ച ബഹുമാന്യപ്പെട്ട അംഗം ചിലതെല്ലാം സംസാരിക്കുകയുണ്ടായി. ഈ തോടു്, പാടത്തിന്റെ നടുവിൽക്കൂടി ഏതാണ്ടു രണ്ടു ഫർലാങ്ങോളം കരയിലേക്കു കയറിക്കിടക്കുന്ന ഒരു തോടാണു്. മറ്റു യാതൊരുവിധത്തിലും ഗതാഗതസൌകര്യമുള്ള സ്ഥലങ്ങളായിട്ടു് ഈ തോടിനു യാതൊരു ബന്ധവുമില്ല. തോടു്അടച്ചുകെട്ടുകയും തോടിനു് ഒരു സ്ലൂസ്സു് വെയ്ക്കുകയും ചെയ്താൽ വലിയ കുഴപ്പം ഉണ്ടെന്നു വി

LIBRARY ARCHIVES Kerala Legislative Assembly

ചാരിക്കാൻ ന്യായം കാണുന്നില്ല. കാരണം അതിൽക്കൂടി വലിയ ഗതാഗതമൊന്നും നടക്കുന്നില്ല. ഇപ്പോഴും ഉള്ളതിനേക്കാൾ കൂടുതൽ ഗതാഗതം, അതു തുറന്നുകൊടുത്താൽതന്നെയും നടക്കുമെന്നു വിചാരിക്കുന്നില്ല. ആ തോട്ടവക്കത്തു് ഒന്നോ രണ്ടോ വീട്ടുകാരേ താമസിക്കുന്നുള്ളു. ഇങ്ങിനെയുള്ള നിസ്സാരങ്ങളായ താല്പര്യങ്ങൾക്കു് വേണ്ടി; ഒന്നോ രണ്ടോ ആളുകൾക്കു ജലമാർഗ്ഗമായിട്ടു ഗതാഗതം ചെയ്യുവാൻ, ഒന്നോ രണ്ടോ വ്യാപാരികൾക്കു് മടൽ മൂടുന്നതിനു സൌകര്യം കിട്ടുവാൻ, അപൂർവ്വം ചില ആളുകൾക്കു മത്സ്യം പിടിക്കുന്നതിനുള്ള സൌകര്യം കിട്ടുവാൻ, ഇതിനെല്ലാം വേണ്ടി അനേകം ഏക്കർ ഭൂമിയിൽ നടത്തിക്കൊണ്ടിരിക്കുന്ന കൃഷി നശിച്ചുപൊയ്ക്കൊള്ളട്ടെ എന്നു വിചാരിക്കുന്നതു് ഒരിക്കലും ഈ കാലത്തു് ശരിയായിരിക്കുമെന്നു വിചാരിക്കാൻ പാടില്ല. അതുകൊണ്ടു് ഇങ്ങിനെയുള്ള നിസ്സാരങ്ങളായ താല്പര്യങ്ങളെ ബലികഴിച്ചും ഇന്നത്തെ സ്ഥിതിക്കു് അത്യാവശ്യമായ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനു്, നിവൃത്തിയുള്ളിടത്തോളം കൃഷിയെ നന്നാക്കുന്നതിനുള്ള വേണ്ട പദ്ധതികളാണു നാം സ്വീകരിക്കേണ്ടതു്. അങ്ങിനെയുള്ള ഒരു പദ്ധതി നടപ്പിലാക്കുക എന്നതാണു് ഈ കുറിച്ചിപ്പാടം ചിറകൊണ്ടു സാധിക്കുന്നതു്. അതുകൊണ്ടു് ഇങ്ങിനെതന്നെയാണു ചിറ കെട്ടുന്നതെന്നും, അതുകൊണ്ടാണു് അവിടെയുള്ള നിലത്തിനു് ഏറ്റവും രക്ഷകിട്ടുക എന്നും എനിക്കു ബോദ്ധ്യമായിട്ടുള്ളതാണു്. അതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ ശക്തിയായി പ്രതിഷേധിക്കുകയും, ഇതു പിൻവലിക്കുവാൻ ഇതിന്റെ അവതാരകനോടു് സൌഹാർദ്ദബുദ്ധിയോടുകൂടി അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : ഈ കുറിച്ചിപ്പാടത്തിന്റെ മദ്ധ്യേ ഒരു തോടില്ലെ; അതിന്റെ മീതെ ഒരു പാലം ഇടാൻ തയ്യാറുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : രണ്ടു ഫർലോങ്ങു് വടക്കുവശമാണു പാലം ഇട്ടുകൊടുക്കുവാൻ പോകുന്നതു്.

*മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : ഈ പ്രമേയത്തെക്കുറിച്ചു് എനിക്കു പറയാനുള്ളതു് ഈ പ്രമേയം ഒന്നു വായിച്ചുനോക്കിയാൽത്തന്നെ എന്താണു് അതിന്റെ ഉള്ളിലുള്ളതു് എന്നു മനസ്സിലാക്കാവുന്നതാണു് എന്നാണു്. "This Council recommends to the Government that in view of the dire necessity of the Kurichipadom chira Survey No. 637 in the Elankunnapuzha Village the work of the bund already started in the Mayyar fields which is adjacent to the Kurichipadam Chira—(അവിടെനിന്നു എടുത്തുകൊണ്ടുപോയി വേറെ ഒരു സ്ഥലത്തു് വെച്ചു മുഴുവനാക്കണമത്രെ)—should be taken away to the Kurichipadam Chira, (എന്തിനു്) for its completion (അതിന്റെ ചിലവൊ)—and the expenditure for the conveyance of the materials of the bund has to be met either by the Government or by the Panchayat President of Elankunnapuzha" ഇതാണു് പ്രമേയം.

ഇതു്, ഗൌരവമേറിയ വിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കാനുള്ള ഈ നിയമസഭയിൽ സഗൌരവം അവതരിപ്പിച്ചിട്ടുള്ള സ്ഥിതിക്കു് എന്റെ അറിവിൽപെട്ടിടത്തോളമുള്ള സംഗതികൾ ഈ നിയമസഭയെ അറിയിക്കേണ്ടതു് എന്റെ ചുമതലയാണു്. പക്ഷെ ഇവിടത്തെ വാദപ്രതിവാദത്തിൽ പങ്കുകൊണ്ട അവതാരകൻ ഉൾപ്പടെയുള്ള ൪ മെമ്പർമാർക്കു് ൧൯൫൭ കന്നിമാസം നാലാം തിയ്യതിയുണ്ടായ മഹാഭാഗ്യം എനിക്കുണ്ടായില്ല. എനിക്കും ഒരു ക്ഷണക്കത്തുണ്ടായിരുന്നു. എനിക്കു് സംഗതിവശാൽ പോകാൻ കഴിഞ്ഞില്ല. ആ ഭാഗ്യം എനിയ്ക്കുണ്ടായില്ല. പക്ഷെ അതിനെക്കുറിച്ചു് ഞാൻ സംസാരിക്കുന്നില്ല. ആ പോക്കോട്ടുകൂടി ഈ ചിറ കാണാനും അതുകൊണ്ടുള്ള ഉപയോഗങ്ങൾ എന്താണെന്നും മറ്റും അതു നേരിട്ടു കണ്ടുമനസ്സിലാക്കാനും അവർക്കു കഴിഞ്ഞിട്ടുണ്ടു്. അതിനായിട്ടല്ല അവർ പോയതു്. ഏതൊ ഒരു പറംപൂച്ചയിൽ മന്ത്രിയെ അവിടെ കൊണ്ടുചാടിക്കുകയാണുണ്ടായതു്. അവിടെപോയി, സ്ഥലമൊക്കെകണ്ടു, വിഭവസമൃദ്ധമായ ചായസല്ക്കാരത്തിൽ പങ്കുകൊണ്ടു—എന്നുവെച്ചാൽ ആ ചായസല്ക്കാരത്തിന്റെ ഏർപ്പാടു ഈ പ്രമേയാവതരണത്തിനുകൂടി കാരണമാണൊ എന്നുകൂടി സംശയമുണ്ടു്—വേണ്ടിവന്നാൽ പറയുകയും ചെയ്യാം. ഇതു് ൧൯൫൬ ഇടവമാസം ൧൪-ാംനു- പൊതുതിരഞ്ഞെടുപ്പിൽ വിജയികളായ ഏതാനും മെമ്പർമാരെ സല്ക്കരിക്കുന്നതിനും മറ്റും മറ്റും ആയ ചായസല്ക്കാരമായിരുന്നു. ഈ അവതാരകൻ അതിന്റെ പ്രധാന പ്രവർത്തകനായിരുന്നു.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ശങ്കരമേനോൻ: ആരുടെയായിരുന്നു ചായസല്ക്കാരം?

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: പബ്ലിക്കിന്റെയായിരുന്നു.

മിസ്റ്റർ എം. ഐ. പോൾ: ഏതു പബ്ലിക്കിന്റെ?

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അവിടത്തെ പബ്ലിക്കിന്റെ.

ഈ വക ചോദ്യങ്ങൾ പോരിച്ചു എന്റെ സമയം കളയണ്ട. എനിക്കു പറയാനുള്ളതു പറഞ്ഞു് ഈ വണ്ടിക്കു് പോകണം. അല്ലെങ്കിൽ ഇതിനെല്ലാം സമാധാനം പറയാമായിരുന്നു.

വളരെ ഗൌരവമായി ആലോചിക്കേണ്ട വിഷയമാണു്. ഞാൻ പ്രമേയം വായിച്ചല്ലൊ. എന്താണു് പ്രമേയകർത്താവു് പൊതുജനങ്ങൾക്കുവേണ്ടി ആവശ്യപ്പെട്ടിട്ടുള്ളതെന്നു് മനസ്സിലാക്കണം. ഒരു സ്ഥലത്തു് ഗവമ്മെണ്ടുത്തരവനുസരിച്ചു പഞ്ചായത്തു യോഗത്തിൽ അനന്തര നടപടികളെപ്പറ്റി തീരുമാനിച്ചതിനുശേഷം കുറെ അധികം പണം ചിലവുചെയ്തു് നടത്തിവെച്ചിരിക്കുന്ന പണിയെ അങ്ങിനെതന്നെ അവിടെനിന്നു പൊളിച്ചുകൊണ്ടുപോയി വേറൊരു സ്ഥലത്തു വെയ്ക്കണമെന്നാണു് പറയുന്നതു്. പിന്നെ ഇവിടത്തെ ഗവമ്മേണ്ടിനു് പണമില്ലെങ്കിൽ, ആ ചിലവിനുള്ള ഒരു മാർഗ്ഗവും പ്രമേയത്തിൽ പറയുന്നുണ്ടു്. അതായതു്, പ്രമേയത്തിന്റെ അടിയിൽ കിടക്കുന്ന പഞ്ചായത്തു് പ്രസിഡണ്ടിനോടുള്ള വ്യക്തിവിദ്വേഷംകൊണ്ടു്, പഞ്ചായത്തു പ്രസിഡണ്ടു അതിന്റെ ചിലവിനുള്ള പണം എടുക്കണമെന്നുകൂടി സൂചിപ്പിച്ചിട്ടുണ്ടു്. ഇതിലും മേലെ എന്താണു് വേണ്ടതു്. ഇതു് ഒരു വ്യക്തിവിദ്വേഷത്തിന്റെ മാറ്റൊലിയല്ലാതെ മറ്റെന്താവണം. ഇവിടെ ഒരു കസത്തു് നടത്തി. L. Dis. 159-14—6—1119-ൽ Availability of funds അനുസരിച്ചു് ആറായിരം ക. ചിലവു ചെയ്തു് കുറിച്ചിപ്പാടംചിറ എളങ്കുന്നപ്പുഴ വില്ലേജിൽ നമ്പ ൧-ാംനമ്പ്രു് സർവ്വെയിൽ കെട്ടിച്ചുകൊള്ളാൻ ഒരു ഓർഡർ ഉണ്ടു്. ആ ഓർഡർ അനുസരിച്ചു ചിറ നമ്പ ൧-ാംനമ്പ്രു് സർവ്വെയിലാണെങ്കിലും, ചായസല്ക്കാരം കഴിഞ്ഞു്, ആ മാന്യന്മാർ കണ്ട പകുതിപണികഴിഞ്ഞ ചിറ സർവ്വെ നമ്പ ൧-ൽ അല്ല. വേറെ അതിനു് തൊട്ടടുത്തുകിടക്കുന്ന ഏതൊ സർവ്വെ നമ്പ്രുകളിലായിരുന്നു. ഈ പ്രമേയത്തെപ്പറ്റി പറയാം. നമ്പ ൧-നു് വളരെ ദൂരെയാണു് ഈ ചിറ കെട്ടിയിരിക്കുന്നതു എന്നാണു് പറഞ്ഞതു്. പിന്നെ ഒരു കുറവു കൊണ്ടുവന്നതു ടെണ്ടർ കൊടുത്തില്ലെന്നാണു്. അതു പ്രസിഡണ്ടിന്റെ കുറവല്ല. ടെണ്ടർ വെച്ചിരുന്നു. പക്ഷെ ആരും ടെണ്ടർ എടുത്തില്ല.

Mr. Deputy President: May I remind the Hon'ble Member that his time is up?

Mr. P. Kumaran Ezhuthassan *(Vadakkancheri):* The moment my time is up, I will sit down after taking one minute for winding up my speech. But 75 per cent of my time was taken up by interruptions.

Mr. Deputy President: The Hon'ble Member can take 5 minutes more.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അങ്ങിനെ പഞ്ചായത്തിലെ മെമ്പർമാരെല്ലാവരുംകൂടി ഒരു സംഖ്യ നിശ്ചയിച്ചു് ആ സംഖ്യക്കു് പണി തുടങ്ങാമെന്നു് തീർച്ചയാക്കി. പഞ്ചായത്തിലെ പ്രവർത്തികം പ്രത്യേകിച്ചു നോക്കാൻ ചുമതലയുള്ള പ്രസിഡണ്ടു് മറ്റു പഞ്ചായത്തു മെമ്പർമാരുമായി സഹകരിച്ചു് പ്രവർത്തി തുടങ്ങി. അങ്ങിനെ പ്രവർത്തി നടക്കുമ്പോളാണു് ൧-ാംനമ്പ-യിലെ സംഭവമുണ്ടായതു്. അതിൽ ചില അനിഷ്ടസംഭവങ്ങളും ഉണ്ടായി. അതിനുള്ളിൽ ചില കാര്യങ്ങളുണ്ടു്. അതു് ഫയലിൽ കാണുകയില്ല. അതിനുശേഷമാണു് ആവലാതികൾ കിട്ടീട്ടുള്ളതു് എന്നു ഫയൽ നോക്കിയാൽ മിനിസ്റ്റർക്കു മനസ്സിലാകും. ഈ ൧-ാംനമ്പ-ക്കുശേഷം ഒരു മെമ്മൊറാണ്ടം ജനങ്ങളുടെ വകയായി മന്ത്രിക്കു കൊടുത്തു.

മിസ്റ്റർ സി. എസ്സ്. പണിക്കർ: കന്നി ൧-ാംനമ്പ-ക്കു മുമ്പല്ലെ ഈ പ്രമേയം ഇവിടെ കിട്ടിയതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ആദ്യമായി ഞാൻ ഇതു കണ്ടതു് വൃശ്ചികമാസത്തിലെ അങ്കണ്ടയിലാണു്. മിനിസ്റ്റർ ൧-ാംനമ്പ സ്ഥലം സന്ദർശിച്ചപ്പോൾ ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറും അവിടെ ഉണ്ടായിരുന്നു. അപ്പോൾ ആദ്യമായി കാണേണ്ടതു് ഈ മെമ്മൊറാണ്ടമായിരുന്നു. അതു കണ്ടില്ല. ൧-ാംനമ്പ-യുണ്ടായ ചായസല്ക്കാരവും അതിനുശേഷമുണ്ടായ അനിഷ്ടസംഭവവും വെച്ചുകൊണ്ടാണു് ആക്ഷേപങ്ങൾ കിട്ടിത്തുടങ്ങിയിട്ടുള്ളതു്. ൧-ാംനമ്പ-ക്കുശേഷം ൨-ാംനമ്പ-യും ൩-ാംനമ്പ-യും ഹർജ്ജികൾ കിട്ടിത്തുടങ്ങി. ഉടനെ പണി നിർത്താൻ മിനിസ്റ്റർ ഓർഡർ കൊടുത്തു. അതിനുശേഷം അദ്ദേഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആ ഫീസ്സിൽവെച്ച് രണ്ടു ഭാഗത്തേയും അഡ്വൊക്കേറ്റ്സും ഹാജരായി കേസ്സ് ശരിയായി വാദിച്ചു. അതിൽനിന്നു കാര്യങ്ങൾ വിശദമായി മനസ്സിലാക്കിയതിന്റെ ശേഷമാണ് ആർഡർ പാസ്സാക്കിയിട്ടുള്ളതു്. അതിൽ ഒരു ഭാഗത്തേക്കു് ഹാജരായ ഒരു വക്കീലാണു് ഞാൻ. ആ ആർഡർ ഞാൻ കണ്ടിട്ടുണ്ടു്. വ്യക്തിവിദ്വേഷം, അതു് കാര്യകാരണസഹിതം അദ്ദേഹത്തിന്റെ ബോദ്ധ്യമായതു് ഈ അവതാരകനും മറ്റു ചില ഹർജ്ജിക്കാരും മനസ്സിലാക്കിട്ടുണ്ടു്. ഈ ഹർജ്ജിക്കാരും എതുകക്ഷികളുടെ പുറകിലുമായിട്ടു വിരോധമാണെന്നു ബോദ്ധ്യമായിട്ടുണ്ടു്. ഏതയാലും ഇതു് ഗൌരവമായി ആലോചിക്കണം. ബഹുമാനപ്പെട്ട മിനിസ്റ്റർ പാസ്സാക്കിയ ആർഡറിനു വിപരീതമായി ഇതു് പാസ്സാക്കുന്നപക്ഷം അതു് മിനിസ്റ്ററുടെ പേരിലുള്ള അവിശ്വാസമായിരിക്കുമെന്നുള്ള കാര്യം ശരിയായി ചിന്തിക്കണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: മിസ്റ്റർ സിപ്യൂട്ടി പ്രസിഡണ്ടു് സർ, എന്റെ സ്നേഹിതന്മാർ മിസ്റ്റർ കെ. എസ്സ്. പണിക്കരും, മിസ്റ്റർ നാരായണമേനോനും, മിസ്റ്റർ കുമാരനെഴുത്തശ്ശനും അവരുടെ പ്രസംഗത്തിൽ വ്യക്തിവിദ്വേഷത്തെക്കുറിച്ചു പറഞ്ഞിരുന്നില്ലെങ്കിൽ ഞാൻ ഈ വാദപ്രതിവാദത്തിൽ പങ്കുകൊള്ളുകയില്ലായിരുന്നു. വ്യക്തിവിദ്വേഷത്തെക്കുറിച്ചു പറഞ്ഞുകേട്ടപ്പോൾ "അരിയും തിന്നു ആശാരിയേയും കടിച്ചു പിടിച്ചു നായ്ക്കു മരമരപ്പു" എന്നു പറയുന്നതുപോലേയുള്ള കഥയാണു് ഓർമ്മവന്നതു്. ഇതിൽ മയ്യാരം എന്ന സ്ഥലത്തു ചിറ ആവശ്യമാണോ എന്ന കാര്യത്തെക്കുറിച്ചോ അല്ലെങ്കിൽ കുറിച്ചിപ്പാടം എന്ന സ്ഥലത്തു ചിറ വേണം എന്ന കാര്യത്തെക്കുറിച്ചോ ഞാൻ ഒന്നും പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ അവസാനത്തെ തിരുമാനമനുസരിച്ചു അവിടെത്തന്നെ പണി തുടരുവാൻ ഓർഡർ കൊടുത്തതും ആദ്യത്തെ ഓർഡറിനേക്കാൾ നല്ലതല്ലെന്നോ ആണെന്നോ പറയാൻ ഞാൻ ഒരുങ്ങുന്നില്ല. മിസ്റ്റർ കെ. എസ്സ്. പണിക്കർ പറഞ്ഞതനുസരിച്ചു ഈ ചിറ കുറിച്ചിപ്പാടത്തിനുതന്നെയല്ല മയ്യാരത്തിനും നല്ലതാണെന്നാണു് മനസ്സിലാകുന്നതു്. ഇവിടെ ഈ പ്രമേയം കൊണ്ടുവന്നതു് ബഹുമാനപ്പെട്ട മന്ത്രിയുടെ ഒടുവിലത്തെ ഉത്തരവിനു മുമ്പായിരുന്നു. ഈ ഒടുവിലത്തെ ഉത്തരവിനു മുമ്പു് ഈ പ്രമേയത്തിന്റെ അവതാരകൻ ഇതു് കൊണ്ടുവന്നതു് സഹിക്കവയ്യാത്ത ധർമ്മരോഷംകൊണ്ടായിരുന്നു. നാട്ടുകാരുടെ ആവശ്യമനുസരിച്ചു നമ്പർ ൭-ാം സർവ്വെനമ്പറിൽ ഒരു ചിറ കെട്ടുന്നതിനു ആർഡർ കൊടുത്തു. അതനുസരിച്ചു നമ്പർ ൭-ാം സർവ്വെനമ്പറിൽ ചിറ കെട്ടുകയായിരുന്നെങ്കിൽ അതുകൊണ്ടു് ഇന്നത്തെ ഉപയോഗത്തേക്കാൾ കൂടുവായ ഒരുപയോഗമാണുണ്ടാകുക എന്നു പറഞ്ഞാൽ അതിനു പ്രസക്തിയില്ല. ൧൯൫൫-ൽ ആ ചിറയുടെ കുറെ പണി അനുവദിച്ചു. ആ പണി പഞ്ചായത്തിനെ ഏല്പിച്ചുകൊടുത്തു. ആ ഉത്തരവു് നിലവിലിരുന്ന കാലത്തു, നമ്പർ ൭-ാം നമ്പറിൽ ചിറ കെട്ടാൻ ഉത്തരവുണ്ടായിരുന്ന അവസരത്തിൽ, പഞ്ചായത്തു പ്രസിഡണ്ടിനും അദ്ദേഹത്തിന്റെ ബന്ധുക്കൾക്കും നിലങ്ങളുള്ള മയ്യാരം പാടത്തു മാത്രമാണു് ചിറ പണി തുടങ്ങിയതെന്നു മനസ്സിലാക്കണം. പൊതുകാര്യങ്ങളിൽ പ്രവേശിച്ചിട്ടുള്ളവർ പൊതുഫണ്ടുകൾ എടുത്തുപയോഗിക്കുമ്പോൾ അവരവരുടെ സ്വാർത്ഥത്തിനുവേണ്ടി ഉപയോഗിക്കരുതെന്നു ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരായാലും പൊതുജന നേതാക്കന്മാരായാലും ആലോചിക്കേണ്ടതാണു്. ഇന്നലേയും മിനിഞ്ഞാന്നുമായി ഇവിടെ നടന്ന ആ വാദപ്രതിവാദത്തിലടങ്ങിയ കറപ്ഷൻ എന്നതു് ഉണ്ടാകാതെ നോക്കേണ്ടതാണു്. മയ്യാരത്തു ചിറ വേണ്ടെന്നോ സർക്കാർപണംകൊണ്ടുണ്ടാക്കുന്ന ചിറയുടെ ഗുണം പഞ്ചായത്തു പ്രസിഡണ്ടിനും കിട്ടരുതെന്നോ ഞാൻ പറയുന്നില്ല. പക്ഷെ പഞ്ചായത്തു പണിനടത്തിയ അവസരത്തിൽ ഗവർമ്മെണ്ടുത്തരവു് നിന്നിരുന്നതു് നമ്പർ ൭-ാംനമ്പറിൽ കുറിച്ചിപ്പാടത്തു ചിറ പണിയേണമെന്നായിരുന്നു. അങ്ങിനെ ചെയ്യാതെ മയ്യാരത്തു പണി തുടങ്ങിയതിൽനിന്നു ഒരു കാര്യം വ്യക്തമാകുന്നുണ്ടു്. ഇന്നത്തെ പഞ്ചായത്തു പ്രസിഡണ്ടു് അന്നു ഈ നിയമസഭയിലെ മെമ്പറായിരുന്നു, അന്നത്തെ മന്ത്രിസഭയിലെ ഒരംഗവുമായിരുന്നു, എങ്ങിനെയെങ്കിലും ശരിയാക്കികൊള്ളാമെന്നുള്ള ഉദ്ദേശത്തോടുകൂടി കുറിച്ചിപ്പാടത്തു ചിറ കെട്ടുന്നതിനു പകരം മയ്യാരത്തു ചിറ പണി തുടങ്ങുകയാണു് ചെയ്തതു്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരവു് വരുന്നതുവരെ ഈ ചിറയുടെ ഒരിഞ്ചുപോലും നമ്പർ ൭-ൽ പണിതിരുന്നില്ല. ൧൯൫൫ കന്നി ൭-ാംനു- ഇന്നത്തെ മന്ത്രി സ്ഥലത്തുപോകുന്നതുവരെ നമ്പർ ൭-ാംനമ്പറിൽ കുറിച്ചിപ്പാടത്തു ചിറപണി തുടങ്ങിയിരുന്നില്ല. മയ്യാരത്താണു് പണിതീരുന്നതു്. ബഹുമാനപ്പെട്ട മന്ത്രി

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്തു വന്ന അവസരത്തിൽ മന്ത്രിയെ വിഷമിപ്പിക്കുന്നതിനുവേണ്ടി റവന്യൂ ഉദ്യോഗസ്ഥന്മാരുടെ അടുക്കൽനിന്നു വസ്തു അകപ്പെടുത്തി ചിറയുടെ പണി തുടങ്ങിയിരുന്നു. അങ്ങിനെ മന്ത്രി വരുന്ന അവസരത്തിൽ പണി തുടങ്ങിപ്പോയി എന്നു പറയാനായി അന്നു ശ്രമിച്ചതാണിതു്. ഞാൻ ഇതു് പറയുകയില്ലായിരുന്നു. മിസ്റ്റർ എം. ഐ. പോൾ പൊതുഫണ്ടു് കുടിശ്ശയായ നിലയിൽ ചിലവാക്കുന്നതിനു ശ്രമിച്ചതിനെ തടയുവാൻ ഇവിടെ ഈ പ്രമേയം കൊണ്ടുവന്നതിനു അദ്ദേഹത്തെ വ്യക്തിവിദ്വേഷംവെച്ചു ആക്ഷേപിച്ചിരുന്നില്ലെങ്കിൽ ഞാനിതു പറയുകയില്ലായിരുന്നു. എന്റെ സ്നേഹിതൻ ഇങ്ങിനെയുള്ള പ്രവൃത്തി കണ്ടതുകൊണ്ടുള്ള ധർമ്മരോഷംകൊണ്ടുമാത്രമാണു് ഇങ്ങിനെ ഒരു പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ന്യൂ-ാം സവ്വെനമ്പറിൽ ചിറ കെട്ടേണ്ടതാണെന്നുള്ള ഹജൂരിലെ ഓർഡർ അനുസരിച്ചോ അതൊ പഞ്ചായത്തു തീരുമാനിച്ചതനുസരിച്ചോ ചിറ പണി തുടങ്ങിയതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പറയാം, എന്റെ സ്നേഹിതൻ മിസ്റ്റർ പണിക്കർ പറഞ്ഞതുപോലെ മയ്യാരത്തു ചിറപണി തുടങ്ങി കുറിച്ചിപ്പാടത്തിന്നും കുടി ഒരു ചിറ കെട്ടി അപ്പോൾ രണ്ടിന്നുംകുടി കുറിച്ചിപ്പാടം ചിറ എന്നു ആ ചിറയ്ക്കു് പേരിട്ടുവെങ്കിൽ എനിക്കതിൽ ആക്ഷേപമില്ല. ഈ ചിറ കെട്ടാൻ അവകാശപ്പെട്ട പഞ്ചായത്തു പ്രസിഡണ്ടു മയ്യാരത്തു മാത്രമാണു് ചിറ കെട്ടിയതു എന്നാണു് ആക്ഷേപം. മന്ത്രി അവർകൾക്കു് ആക്ഷേപം കിട്ടിയപ്പോൾ ആ പണി നിറുത്തിവെയ്ക്കാൻ ഓർഡർ കൊടുക്കയാണുണ്ടായതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മന്ത്രി അവർകൾക്കു ബോദ്ധ്യം വന്നതുകൊണ്ടോ അതൊ ആക്ഷേപം കിട്ടിയതുകൊണ്ടോ ഇഞ്ചങ്ഷൻ ഓർഡർ കൊടുത്തതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എങ്ങിനെ ആയാലും പണി നിറുത്തി. മന്ത്രി രണ്ടുകൂട്ടരേയും അനുഭവിപ്പെടുത്താതെ മയ്യാരം ചിറ ഏതായാലും തുടങ്ങി; അതിനി പൊളിച്ചുകളയുന്നതു് അക്രമമാണു്, കുറിച്ചിപ്പാടത്തിന്നു ചിറ വേണമെങ്കിൽ മയ്യാരത്തിന്നും ചിറ വേണം അതുകൊണ്ടു് കെട്ടിയ ചിറ പൊളിക്കാതെതന്നെ രണ്ടിന്നുമിടയ്ക്കു് ഒരു സ്പിൽവേ ഇട്ടാൽ മതിയെന്നു തീർച്ചയാക്കി. ഈ സമയത്തു് ഒരു കഥയാണു് ഓർമ്മവരുന്നതു്. രണ്ടു പൂച്ചകൾ തമ്മിൽ ആണോ പെണ്ണോ എന്ന ഒരു തർക്കംവന്നു. ഒടുവിൽ രണ്ടുകൂട്ടരേയും തൃപ്തിപ്പെടുത്താനായി ഒരാൾ കുറച്ചൊക്കെ ആണും കുറച്ചൊക്കെ പെണ്ണും ആണെന്നു പറഞ്ഞതായി കേട്ടിട്ടുണ്ടു് (ചിരി). അതുപോലെ ഈ രണ്ടുകൂട്ടരേയും തൃപ്തിപ്പെടുത്താനായി കുറിച്ചിപ്പാടം—മയ്യാരം ചിറ എന്ന പേരിട്ടു. മന്ത്രി അവർകൾ ഇപ്പോൾ ചെയ്തതു് തെറ്റാണെന്നു പറയുന്നില്ല. എനിക്കു് ബഹുമാനപ്പെട്ട മന്ത്രിയോടു് പറയുവാനുള്ളതു്, പൊതുജീവിതം നിഷ്കളങ്കമായി തുടർന്നുകൊണ്ടുപോകാനായി മറവുള്ളവരുടെ സ്വാർത്ഥത്തെ പൊതുകാര്യത്തിൽ കൂടുതൽ മുന്നോട്ടു കൊണ്ടുവരാതെയിരിക്കാൻ വേണ്ടി കുറെക്കൂടി ശക്തിയായ ഒരു നയം അവലംബിക്കണമെന്നാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ സംഗതിയിൽ ബഹുമാനപ്പെട്ട മെമ്പർക്കു വക്കാലത്തുണ്ടായിരുന്നുവോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എനിക്കു അങ്ങിനെ ഇടവന്നതുകൊണ്ടും ഇങ്ങിനെ വക്കാലത്തില്ലാത്തവരുടെ വാദങ്ങൾ കേട്ടതുകൊണ്ടുമാണു് ഞാനിതു പറയുന്നതു്. ഏതായാലും ഞാൻ ഈ പ്രമേയം പ്രസ്സുചെയ്യാൻ എന്റെ സ്നേഹിതനെ സമ്മതിക്കുകയില്ല. ചിറ ഏതാണ്ടു പൂർത്തിയായി. സ്നേഹിതൻ മിസ്റ്റർ പണിക്കർ ഇടക്കു ചോദിക്കുന്നതിൽ വലിയ അർത്ഥമൊന്നുമില്ല. മന്ത്രി അവർകൾ അദ്ദേഹത്തിന്റെ മനസ്സു അറിഞ്ഞിട്ടുണ്ടു്. ഏതായാലും ഇതുപൊലൊക്കെ പറയുന്ന സ്ഥിതിക്കു സൌഹാർദ്ദതയോടുകൂടി പോകരുതോ എന്നാണു് അദ്ദേഹം ചോദിച്ചതു്. മന്ത്രിയുടെ തീരുമാനം അറിഞ്ഞതിനുശേഷമായിരുന്നെങ്കിൽ ഈ പ്രമേയം അവതരിപ്പിക്കുകയില്ലായിരുന്നു. അതിനു മുമ്പാണു് ഈ പ്രമേയം അവതരിപ്പിച്ചതു്.

ബഹുമാനപ്പെട്ട മുമ്പിലത്തെ മന്ത്രി മിസ്റ്റർ ടി. കെ. നായർക്കും ഈ കാര്യത്തിൽ അല്പം പറവീട്ടുണ്ടെന്നാണു് എന്റെ അറിവു്. സ്ഥലത്തു ചെല്ലുമ്പോൾ ന്യൂ-ാം ഏതാണു്, ന്യൂ ന്യ ഏതാണു്, എന്നൊക്കെ അദ്ദേഹത്തിനു അറിയുവാൻ കഴിയുകയില്ല. ന്യൂ-ാം സവ്വെനമ്പർ ഇന്ന സ്ഥലമാണെന്നു കാണിച്ചു കൊടുത്തു അതു വിശ്വസിച്ചു് അവിടെ പണി തുടങ്ങുവാൻ സമ്മതവും കൊടുത്തു. അങ്ങിനെ പണി തുടങ്ങി. ഏതായാലും ആ പണി തുടങ്ങി കഴിഞ്ഞു. ഇനി അതു അവിടെ നിന്നും പൊളിച്ചു കൊണ്ടുപോകാൻ പറയാൻ നിവൃത്തിയില്ല. ഈ കാര്യത്തിന്റെ വാസ്തവസ്ഥിതി അറിയുന്ന മിസ്റ്റർ പോളിനും അതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ എനിക്കുമുണ്ടായ മാതിരി ധർമ്മരോഷം മറവുള്ളവർക്ക് തോന്നീട്ടില്ല. ഇതിൽ മന്ത്രി എടുത്ത നയം കുഴപ്പമുണ്ടാകാത്ത ഒരു നയമാണ്. ഈ മാതിരിയുള്ള കായ്ത്തുകളിൽ കുഴപ്പമില്ലാതെ ഇരിക്കണമെങ്കിൽ പഞ്ചായത്തു പ്രസിഡണ്ടന്മാരും മുനിസിപ്പൽ ഉദ്യോഗസ്ഥന്മാരും അവരുടെ കയ്യിൽ കിട്ടുന്ന പണം അതു് ഏതു് കായ്ത്തിനുവേണ്ടി എല്പിച്ചിരിക്കുന്നുവോ അതു ശരിയായി ഉപയോഗിക്കത്തക്ക നിലയിലുള്ള ഒരു നില മന്ത്രി അവർകളും എടുക്കേണ്ടതായിരുന്നുവെന്നു ഞാൻ പറയുന്നു. ഏതായാലും കായ്ത്തുകൾ കഴിഞ്ഞു. ഇനി അതു പൊളിച്ചു കൊണ്ടു പോകാൻ നിർബ്ബന്ധിക്കരുതെന്നാണു് എനിക്കു പറയുവാനുള്ളതു്.

* മിസ്റ്റർ ടി. കെ. നായർ: സർ, ഞാൻ ഇതിനെ സംബന്ധിച്ചു പ്രസംഗിക്കണമെന്നു ഉദ്ദേശിച്ചിരുന്നില്ല. പക്ഷെ എന്റെ മാന്യ സ്നേഹിതൻ മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോനു് ഈ കായ്ത്തിൽ വളരെ അധികം തെറ്റിദ്ധാരണകളും കടന്നു കൂടിട്ടുണ്ടു്. ആദ്യമായിട്ടു തന്നെ ഈ ചിറ അവിടെ സ്ഥാപിച്ചിട്ടുള്ളതു് കുറ്റകരമാണെന്നുണ്ടെങ്കിൽ അതിനുള്ള കുറ്റക്കാരൻ ഞാനാണു്. ഞാൻ മന്ത്രിയായിരുന്ന കാലത്താണു് ഇതിന്റെ ചുമതല നിവ്വഹിച്ചിട്ടുള്ളതു്. അതിനുശേഷം ആ സ്ഥാനത്തു വന്നിട്ടുള്ള ആളെ എന്തിനു കുറ്റം പറയുന്നു? എന്റെ മാന്യസ്നേഹിതൻ പറഞ്ഞു. പൊതുകായ്ത്തുകളിൽ പ്രവേശിച്ചിട്ടുള്ള ഒരാൾക്കു പൊതു ഫണ്ടിൽനിന്നു ചിലവാക്കുന്ന പണം ദുരുപയോഗപ്പെട്ടുത്തരുതു് എന്നു പറയുവാൻ ചുമതലയുണ്ടു് എന്നു്. അതു ശരി തന്നെയാണു്. പക്ഷെ അതിനു് പഞ്ചായത്തു പ്രസിഡണ്ടിനെ കുറ്റം പറഞ്ഞിട്ടു് എന്താണു് കായ്യം? പഞ്ചായത്തു പ്രസിഡണ്ടിനു് ഈ കായ്ത്തിൽ എന്താണു് അധികാരം? പഞ്ചായത്തു പ്രസിഡണ്ടിന്റെ യുക്തംപോലെ പണം ചിലവാക്കുവാനാണോ ഗവണ്മെണ്ടു് ഇരിക്കുന്നതെന്നാണോ ബഹുമാനപ്പെട്ട മെമ്പർ വിചാരിച്ചിരിക്കുന്നതു്.

മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോൻ: അതു തന്നെയാണു് ഞാനും ചോദിക്കുന്നതു്.

മിസ്റ്റർ ടി. കെ. നായർ: അതു് ചെയ്യുന്നതു ആലോചിക്കേണ്ടതാണു്. അതു ആലോചിച്ചു വേണ്ടതുപോലെ പ്രവൃത്തിക്കുവാൻ മിനിസ്റ്ററുടെ കീഴിൽ ഒരു ടെക്കനിക്കൽ ഡിപ്പാർട്ടുമെണ്ടുണ്ടു്. കുറിച്ചിപ്പാടത്തു് ഒരു ചിറ വേണമെന്നു പണ്ടേ തന്നെ മുറവിളിയുള്ളതാണു്. ഇറിഗേഷൻ ഡിപ്പാർട്ടുമെണ്ടുകാർ അവിടെ ചെന്നു നോക്കിയതിനു ശേഷം ൽ, ൦ ൦ ൦ ക. ബഡ്ജറിൽ വക കൊള്ളിച്ചു. അതിനു ശേഷമാണു് ഈ പണി നടത്തിയിട്ടുള്ളതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആ പ്രൊസീഡിംഗ്സിൽ മയ്യാറിലാണെന്നാണു് എന്റെ അറിവു്.

മിസ്റ്റർ ടി. കെ. നായർ. അതിൽ എന്താണു് പറഞ്ഞിരിക്കുന്നതെന്നു് ഒന്നു വിശദമാക്കിത്തന്നാൽ കൊള്ളാം.

Mr. P. Govinda Menon *(Ernakulam)*: Is there a Government Proceedings for a Mayyar Chira. This is not a domestic affair and this not a private affair.

മിസ്റ്റർ ടി. കെ. നായർ: ആ ബഡ്ജറിലെ എസ്റ്റിമേറ്റു് എന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബഡ്ജറ്റു് എസ്റ്റിമേറ്റു് നോക്കിയാൽ അറിയാം അതിൽ ഇന്ന സ്ഥലമാണെന്നു്?

മിസ്റ്റർ ടി. കെ. നായർ: കുറിച്ചിപ്പാടം എന്നു തന്നെയാണു് അതിൽ കാണിച്ചിട്ടുള്ളതു്. പത്തു പതിനഞ്ചു സ്ഥലങ്ങളുടെ പേരു റിപ്പോർട്ടു ചെയ്തിട്ടുള്ളതിൽ ഇതും പെട്ടിട്ടുള്ളതാണു്. അതിൽ ഒരു സ്ഥലത്തിന്റെ പേരുമാത്രം ഇങ്ങിനെ അബദ്ധമായി പ്രവൃത്തിച്ചുവെന്നു് പറയുന്നതിൽ എന്താണു് അർത്ഥമുള്ളതു്; കായ്മമുള്ളതു് തുറന്നു പറയുമ്പോൾ അതിൽ പഞ്ചായത്തു പ്രസിഡണ്ടിന്റെ വക്കാലത്തു പിടിച്ചു ചിറ കെട്ടിയെന്നാണു് വാദം. ഡിപ്പാർട്ടുമെണ്ടിൽനിന്നും ചെയ്യുന്നതിന്റെ പ്രൊസീഡിംഗ്സ് ഒക്കെ ഡിപ്പാർട്ടുമെണ്ടിൽ ഉണ്ടാകും.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അങ്ങിനെ ഒരു പ്രൊസീഡിംസ് ഇല്ലെന്നാണു് വാദം.

---

* Speech not corrected by the Hon'ble member

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. നായർ: പ്രോസീഡിംഗ്സ് ഒക്കെ ഉണ്ടോ ഇല്ലയോ എന്നു് ഈ നിയമസഭ തെളിയിക്കുവാൻ പോവുകയല്ലെ. ഇതിൽ പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിനെ കുറ്റം പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോൾ സംസാരിക്കുന്ന ആളുംകൂടി ഉണ്ടൊ എന്നാണു് സംശയം?

മിസ്റ്റർ ടി. കെ. നായർ: സംസാരിക്കുന്ന ആളും കൂടിയുണ്ടെന്നു് വിചാരിച്ചു കൊള്ളുക എനിക്കു വളരെ കൃതാർത്ഥതയുണ്ടു്. മിസ്റ്റർ പനമ്പിള്ളിയെ എനിക്കു കുറച്ചു ഭയപ്പെടാൻ അവകാശമുണ്ടു്. ഞങ്ങൾ പരസ്പരം അറിയുന്നതാണു്. അദ്ദേഹം കായ്ത്തിനു വേണ്ടി എന്തും വാദിക്കുമെന്നു് എനിക്കറിയാം. അബദ്ധമായ കായ്ങ്ങളെ ഇന്നു് തെറ്റിദ്ധരിച്ചു ആളുകളേയും, ഗവമ്മെണ്ടിനേയും കുറ്റം പറഞ്ഞുകൊള്ളുക. ഈ കായ്ത്തിൽ പഞ്ചായത്തുപ്രസിഡണ്ടിനെ കുറ്റം പറഞ്ഞിട്ടു കായ്മില്ല. ഇന്നു സ്ഥലത്തു വേണമെന്നു് പഞ്ചായത്തു ആവശ്യപ്പെട്ടസ്ഥലത്തു ചിറ ഡിപ്പാർട്ടുമെണ്ടിൽനിന്നും കെട്ടിച്ചുകൊടുത്തു. അല്ലാതെ ഇതു പഞ്ചായത്തു പ്രസിഡണ്ടല്ലൊ നടത്തുന്നതു്. അതാണു് ഞാൻ പറയുന്നതിന്റെ അർത്ഥം. പിന്നെ ഇപ്പോഴത്തെ മന്ത്രി തന്നെ സ്ഥലത്തുപോയി നോക്കി അദ്ദേഹം അതിനു ഒരു സ്റ്റേ ഓർഡർ കൊടുത്തു. ഗവമ്മെണ്ടും ഡിപ്പാർട്ടുമെണ്ടിന്റെ ഉപദേശപ്രകാരം ചെയ്തിട്ടുള്ളതാണു്. ഇപ്പോഴത്തെ മന്ത്രിതന്നെ അതുവകവെച്ചു തന്നിട്ടുണ്ടു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മറെറവക്കും കൂടി ചെയ്തുകൊടുക്കണമെന്നു് മാത്രമെ പറഞ്ഞിട്ടുള്ളൂ.

മിസ്റ്റർ ടി. കെ. നായർ: കുറിച്ചിപ്പാടത്തുള്ള പണിയോ?

Mr. P. Govinda Menon *(Ernakulam):* The original work was modified.

Mr. Parambi Lonappen *(Minister for Rural Development):* The original work was slightly modified. In the original there was provision for an overbridge and I have diverted that to the northern side of the channel. An overbridge was proposed to be put across the channel by the side of the Mayyar and Kurichipadam bund. This is cancelled and a bridge is ordered to be put on the northern side of the channel on the Kurichipadam side.

മിസ്റ്റർ ടി. കെ. നായർ: ഈ ഇറിഗേഷൻ ആവശ്യത്തിനുവേണ്ടി, കൂടുതൽ സൌകര്യത്തിനുവേണ്ടി ഒരു പാലം ഇട്ടുകൊടുത്തു. അതു് ഇറിഗേഷൻ ഡിപ്പാർട്ടുമെണ്ടുകാർ നോക്കി ചെയ്യിട്ടുള്ളതാണു്. പിന്നീടു് അതു കൂടുതൽ സൌകര്യത്തിനുവേണ്ടി വേറെ ഒരു സ്ഥാനത്തേക്കു മാറ്റി. അതു് ഇറിഗേഷന്റെ സൌകര്യത്തിനുവേണ്ടിയാണു്.

Mr. Deputy President: The Hon'ble Member's time is up.

മിസ്റ്റർ ടി. കെ. നായർ: ഈ കായ്ം പഞ്ചായത്തു പ്രസിഡണ്ടു് ഗവമ്മെണ്ടിനേയും, ഡിപ്പാർട്ടുമെണ്ടിനേയും ഒക്കെ അറിയിച്ചുവെന്നു പറയുന്നു. എന്നാൽ ഇതിന്റെയെല്ലാം ഭാരം ഗവമ്മെണ്ടിന്റെ ഭാരം ഏറ്റിരിക്കുന്ന ആൾക്കുണ്ടെന്നുള്ളതു ശരിയാണു്. ഇതിന്റെ മുമ്പിൽ പഞ്ചായത്തു പ്രസിഡണ്ടിനല്ല, മന്ത്രിക്കാണു്. കൂടാതെ പാർട്ടി മെമ്പർമാരാണു് എന്നൊക്കെ പ്രസംഗിച്ചു ഇല്ലാത്ത കുഴപ്പങ്ങൾ ഉണ്ടാക്കി ആളുകൾ തെറ്റിദ്ധരിക്കാതിരിക്കുവാൻവേണ്ടി ഞാൻ ഇത്രയും പറഞ്ഞതാണു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: മിസ്റ്റർ പ്രസിഡണ്ടു്, സർ, ഏതെങ്കിലും പ്രാദേശിക ആവശ്യങ്ങൾ വരുമ്പോൾ, അതിൽ പങ്കെടുത്തു് ഈ സഭയുടെ വിലയേറിയ സമയത്തെ കളയുന്ന ഒരു പാരമ്പര്യം എനിക്കില്ലെന്നു ഈ സഭ സമ്മതിക്കുമെന്നെനിക്കറിയാം. എന്റെ മാന്യസ്നേഹിതൻ പറയുന്നതായ ഈ സുപ്രസിദ്ധമായ സ്ഥലം കാണുവാൻ എനിക്കു സാധിച്ചു. പക്ഷെ എന്റെ സ്നേഹിതൻ ചൂണ്ടിക്കാണിച്ച കന്നി ഒ.ാംനം അല്ല. ഈ പ്രദേശങ്ങളായ മയ്യും കുറിച്ചിയും എനിക്കു കാണുവാൻ സാധിച്ചിട്ടുണ്ടു്. ഈ പ്രമേയം കഴിഞ്ഞ വൃശ്ചികമാസത്തിലെ കൌൺസിലിൽ വരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് എന്റെ മാന്യസ്നേഹിതൻ ഇതു് അയക്കുവാനിടയായതു്. ആ വൃശ്ചികത്തിൽ ഈ സഭയിലെ ഏതാനും മെമ്പർമാരുടെ അടുക്കൽ ഇതിനെ സംബന്ധിച്ചുള്ള ചില പ്ലാനുമായി ഒരു കാൻവാസിങ്ങു് നടത്തിയിട്ടുള്ള ചരിത്രം എനിക്കു ഇന്നും എന്റെ ഓർമ്മയിൽ വരുന്നുണ്ടു്. അങ്ങിനെ മാരോരുത്തരുടേയും വോട്ടിനെ സമ്പാദിക്കുവാനുള്ള ശ്രമത്തിന്നിടയിൽ ഈ മയ്യാർ ചിറയുടെ കായ്ത്തെക്കുറിച്ചു പഞ്ചായത്തു പ്രസിഡണ്ടു് എന്നോടു പറയുകയും,

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്ലാൻ എന്നെ കാണിച്ചുതരികയും ചെയ്തിട്ടുണ്ട്. ഞാൻ പറയുന്നു, ആ പഞ്ചായത്തു പ്രസിഡണ്ടു് അന്നു കാണിച്ച പ്ലാനിൽ കുറിച്ചിപ്പാടം ചിറയുടെ സ്ഥൽപോലും കണ്ടിരുന്നില്ലെന്നു്. കുറിച്ചിപ്പാടത്തിന്നു നേരത്തേതന്നെ ഒരു പരിപാടിയുണ്ടായിരുന്നതായി ഞാൻ അറിഞ്ഞിരുന്നില്ല. ആ ചിറ മയ്യാർ പാടത്തു മാത്രമാണെന്നു് എനിക്കു കാണിച്ചുതന്ന ആ വരച്ചെടുത്ത ചിത്രത്തിൽ അന്നു് എനിക്കു കാണുവാൻ സാധിച്ചു. ശ്രീ. ടി. കെ. നായർ പറയുന്നതു്, കുറിച്ചിപ്പാടത്തു് ചിറ വേണമെന്നായിരുന്നുവെന്നാണു്. അദ്ദേഹം പറയുന്ന ബഡ്ഡറു് എസ്റ്റിമേറു നോക്കിയാൽ ഇതെല്ലാം അറിയുവാൻ സാധിക്കുമെന്നു്. സ്ഥലം ചൂണ്ടിക്കാണിച്ചുകൊടുത്തിട്ടുണ്ടെന്നാണു് ശ്രീ. ടി. കെ. നായർ പറയുന്നതു്. എവിടെയെങ്കിലും ചിറകെട്ടുവാൻ ചൂണ്ടിക്കാണിച്ചു് യാതൊരു കല്പനയും കൂടാതെ ചിറകെട്ടുന്ന സമ്പ്രദായം ഞങ്ങൾ കേട്ടിട്ടുപോലുമില്ല. തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അതു സമ്മതിക്കണം; തെറ്റിനെ സമർത്ഥിക്കുവാൻ ആവേശത്തോടുകൂടി പ്രസംഗിച്ചാൽ പോരാ. ഇപ്പോൾ പണിതിട്ടുള്ള മയ്യാർ ചിറക്കു് ഒരാളും ആവശ്യപ്പെട്ടിട്ടുള്ളതായിപ്പോലും കാണുന്നില്ല. ഇതിന്റെ പണി തുടങ്ങിയപ്പോൾ കുറിച്ചിപ്പാടം ചിറയെ ഉദ്ദേശിച്ചിരുന്നില്ലെന്നു കാണുവാൻ കഴിയുന്നു. ഈ പ്രമേയം ഇവിടെ വന്നതിന്റെ ഫലമായിട്ടാണു് മയ്യാറിൽനിന്നും ഈ ചിറ കുറിച്ചിപ്പാടത്തേക്കു കടന്നുവന്നതു്. കഴിഞ്ഞ മന്ത്രിയും ഇരിക്കുന്ന മന്ത്രിയും വരാൻപോകുന്ന മന്ത്രിമാരും കൂടെക്കൂടി ഉത്തരവാദിത്വത്തോടുകൂടി പെരുമാറണം. ഇതുയും പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. ടി. അച്യുതൻ: സർ, നിർഭാഗ്യവശാൽ ഇവിടത്തെ പ്രസംഗങ്ങളും കേൾക്കുവാനിടയായനിലക്കു് ഞാനും ഇതിനെക്കുറിച്ചു രണ്ടുവാക്കു പറയണമെന്നുദ്ദേശിക്കുന്നു. ഇതിൽ ആദ്യത്തെ നിലയും, ഇന്നത്തെ നിലയും തമ്മിലുള്ള ഒരു പിശകു മാത്രമാണു് ഈ സഭയുടെ സമയത്തെ വൃഥാ കളയുവാനിടയാക്കിയതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതുപോലെ പിശകായിട്ടുള്ള ഒരു കാര്യത്തിനു് ഈ സഭയുടെ സമയം കളയേണ്ടിവരുന്നതിൽ ഖേദിക്കുവാനില്ല. വേണമെങ്കിൽ ഒരു ദിവസവും അല്ലെങ്കിൽ രണ്ടു ദിവസവും ഇതുപോലെയുള്ള ഒരു കാര്യത്തിനു് ഈ സഭയെ വിനിയോഗിക്കുകയാണെങ്കിൽ അതിൽ തെറ്റില്ലെന്നാണു് എന്റെ അഭിപ്രായം.

മിസ്റ്റർ കെ. ടി. അച്യുതൻ: ഏതെങ്കിലും തെറ്റായിട്ടു ചെയ്തിട്ടുള്ള ഒരു കാര്യത്തിന്റെ വാദപ്രതിവാദത്തിനു കൂടുതൽ സമയം വിനിയോഗിക്കുന്നതിൽ തീർച്ചയായിട്ടും തെറ്റുണ്ടെന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ. ഇതിന്റെ പണി ആവശ്യപ്പെട്ട കാലം മുതല്ക്കാണു് കുറിച്ചിപ്പാടം ചിറയെന്ന പേരിൽ ഇതിനെ അറിയുവാൻ തുടങ്ങിയതും, ഇതു് അന്വേഷിക്കുവാൻ ഇടയായതും. ഇതിന്റെ പണി നടത്തിയതും ആദ്യം ഉദ്ദേശിച്ചതരത്തിൽതന്നെ ആണെന്നാണു് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്. ഇതു വലിയ ഒരു കൃത്യവിലോപമായിയെന്നു് ഈ പ്രമേയം അവതരിപ്പിച്ചതുകൊണ്ടു തോന്നിപ്പോകും. ഏതായാലും ഇതു് ഒരു തെറ്റായ പണിയാണെന്നു ബോദ്ധ്യംവന്നിട്ടുണ്ടെങ്കിൽകൂടിയും ഇതിൽ ആക്ഷേപം വരാനിടയില്ലെന്നാണു് പുതിയ മന്ത്രിയുടെ അഭിപ്രായം. പിന്നെ ഓവർബ്രിഡ്ജു് മാറിയതിൽ എന്തെങ്കിലും തരക്കേടുണ്ടെന്നു് എനിക്കു തോന്നുന്നില്ല. അതുകൊണ്ടു് ഈ പ്രമേയം ഇവിടെ പ്രസ്തുതചെയ്യേണ്ടതായ ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: സർ, ഒരു വ്യക്തിയെപ്പറ്റിയുള്ള ദുഷ്യപ്രവൃത്തിയുണ്ടായിരുന്നതുകൊണ്ടാണു് താൻ ഇതിൽ പങ്കുകൊള്ളുവാനിടയായതു് എന്നു് എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞു. ആ ഒരു കാരണംകൊണ്ടുതന്നെയാണു് എന്റെ മാന്യസ്നേഹിതനായ പഴയന്നൂർ മെമ്പറും ഈ വാദപ്രതിവാദത്തിൽ പങ്കുകൊള്ളുവാനിടയായതു്. ഒരു വ്യക്തിയെപ്പറ്റി ദുഷ്യം പറയുവാൻ പാടില്ലായെന്നു പറഞ്ഞുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി ചെയ്ത തീരുമാനം, സോളമന്റെ ജഡ്ജുമെണ്ടാണെന്നും, ചിലപ്പോൾ പൂച്ച ആണാണെന്നും, ചിലപ്പോൾ പൂച്ച പെണ്ണാണെന്നും പറഞ്ഞു. ഏതായാലും അദ്ദേഹംതന്നെ സമ്മതിക്കുന്നു, ഇതു് ആണും പെണ്ണും കെട്ടതല്ലായെന്നു്.

Mr. P. Govinda Menon *(Ernakulam)*: I agree.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇതു് വലിയൊരു ഭാഗ്യമായിട്ടാണു് വന്നിരിക്കുന്നതു്. ഈ പ്രമേയം പ്രസ്തുതചെയ്യാതെ പിൻവലിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. Paramel Ipe Ipe *(Kunnamkulam):* On a point of information, Sir. Was there a plan prepared originally ?

Mr. Parambi Lonappen *(Minister for Rural Development):* There was an estimate and a plan.

Mr. Paramel Ipe Ipe *(Kunnamkulam):* Is work conducted in accordance with the plan originally prepared ?

Mr. Parambi Lonappen *(Minister for Rural Development):* Yes, it is. After a storm, there is a calm and I do not want to enter into a heated discussion on this matter, because we had already had a very heated discussion from the date on which I unfortunately visited this locality on 23rd September 1945. Till then nothing was heard about Kurichipadam Chira, neither in the press nor from the people in the locality. On 23rd September 1945, innocently, without knowing the probable repurcussions and consequences of my visit, I agreed to attend to a reception organised by the Karuthedam people for some M.L.Cs. and also the Minister for Rural Development. If I had then known that I am going to visit a contentious locality, I would have certainly refrained from visiting it on that day. I never knew anything of the kind. I proceeded from Ernakulam one evening for the purpose of attending that function. Instead of allowing me to land at the place where I ought to alight at the Karuthedam public place, I was taken to a contentious locality and a number of people had gathered there; some M.L.Cs. were there, Mr. M. I. Paul was also there, and it was brought to my notice then that a work that was not sanctioned by the Government is carried on by the Panchayat President and that funds intended for one purpose is diverted for another purpose, and therefore I thought, as Minister for Rural Development, it was my duty to stop the work at once and investigate the matter before I would allow this work to continue. Hon'ble Members will realise, when I visited the locality the work was almost complete excepting the sluice. However, I thought that I, being in a responsible position, should interfere at once and stop the work and satisfy myself whether public funds have been diverted for private purposes. Hence it was that I gave an order stopping this work. And I thought that I will go through the file carefully, visit again the locality and satisfy myself whether there was any diversion of public funds by any Panchayat authority or by any Government servant. If I was satisfied that there was any such thing I would certainly seriously punish those concerned, whoever may be the persons. It is not for the sake of satisfying the public that I passed this order. I wanted to be fully satisfied that no Government fund was diverted for any private purpose. When the affairs were standing thus, I was given a letter communicated by the mover to the Diwan of Cochin complaining against the same matter and the Diwan of Cochin asking me about it.

Mr. P. Govinda Menon *(Ernakulam):* May I ask the Hon'ble Minister whether he did not write to the previous Minister for Rural Development on this matter and whether it was not after receiving his reply that he was satisfied about it?

Mr. Parambi Lonappen *(Minister for Rural Development):* I am coming to that later. Please allow me to say what I have to say. I got a letter like that and then I informed the Diwan that I proposed to visit the locality in the presence of the M.L.Cs. the aggrieved party and other M.L.Cs. who have got local interest there. Accordingly, I visited the locality.

Now, the Hon'ble Members will realise that it will be profitable to know the exact topography of the locality. The unfortunate place is situated on the western side of the backwaters, on the northern side is Kurichipadam which has an extent of about 40 acres, on the southern side we have got about 10 acres of paddy fields, in between we have got a blind canal about 850 feet, and on both sides of it mainly we have paddy fields; on the northern side the people of Pookode desam reside. When I went to this locality, representations have been made to me that by the proposed work undertaken by the Panchayat, of constructing a bund and a sluice for Kurichipadam and Mayyar with a sluice between the canals, the inhabitants of Pookode desam will be put to difficulties for a foot-path from their village to Elamkunnapuzha, the overbridge is a circuitous one and therefore their grievance must also be looked into. Myself and all the M.L.Cs. who were present there inspected the locality and they were satisfied excepting probably Mr. M. I. Paul, who did not express himself then, that the work is more beneficial for all concerned than if the work is confined to the erection of a bund for Kurichipadam alone. I went through the files carefully and I found that there was a petition, no doubt, from some people of Pookode desam including the cultivators of Kurichipadam field that they must have a bund or sluice at Kurichipadam for purposes of irrigation as well as for use as foot-path. I

LIBRARY ARCHIVES Kerala Legislative Assembly

think therefore there was an order—I think the application was to the Panchayat Department, I am not able to say whether it was to the Panchayat Department or to the Government—the order was that according to the availability of funds, the work will be considered.

Mr. P. Govinda Menon *(Ernakulam):* In survey No. 637.

Mr. Parambi Lonappen *(Minister for Rural Development):* There the survey number is mentioned as 637. In the original budget estimate prepared, as has been pointed out by my predecessor in office, there was no mention whatever that this bund will be constructed at Kurichipadam in survey No. 637.

Mr. P. Govinda Menon *(Ernakulam):* Is there anything in the file to show that there was any request that a bund may be put up in Mayyar?

Mr. Parambi Lonappen *(Minister for Rural Development):* There is no such specific request from the people.

Mr. P. Govinda Menon *(Ernakulam):* There was nothing to show that Government was ever moved for a bund in any place other than in Kurichipadam.

Mr. Parambi Lonappen *(Minister for Rural Development):* The application is for a bund and sluice and a chira for Kurichipadam, a bund and sluice for the benefit of the people there. Some of the applicants in the petition are cultivators owning lands both in Mayyar fields and Kurichipadam fields.

Mr. P. Govinda Menon *(Ernakulam):* May I take it therefore that the documents so far as they are clear show that it is in Kurichipadam in survey No. 637 that the bund was ordered to be put up, and it is only in the budget estimate that only Kurichipadam is stated and no survey number given.

Mr. Parambi Lonappen *(Minister for Rural Development):* There is the petition that these paddy fields must be protected by a chira and a sluice and also the paddy fields in Kurichipadam must be protected by a chira and a sluice and a footpath must be provided for the people of Pookode desam to go from Pookode to Elamkunnapuzha.

Mr. P. Govinda Menon *(Ernakulam):* That foot-path is required in Kurichipadam and not in Mayyar.

Mr. Parambi Lonappen *(Minister for Rural Development):* Yes, on the Kurichipadam side. Then the order was that according to the availability of funds, this will be looked into. Then proposals were sent by the Director of Panchayats on advice by the Assistant Engineer of the Panchayat Department, and the proposal was that if a bund is constructed along the backwaters on the Mayyar side and a sluice is put up across the channel with an overbridge from Mayyar to Kurichipadam, the grievances of the people will be satisfied and when that proposal was sent, there was a definite proposal also that survey numbers..... lying on the side of Mayyar fields must be acquired and the laterite packing there in Mayyar fields must be acquired for the above purpose. That was the proposal of the expert in irrigation work regarding this work and I find my predecessor had sanctioned that and he had provided some money for the purpose of acquiring these survey numbers along the Mayyar fields and also acquiring the laterite packing on the Mayyar side, so that the work was proceeded with full Government sanction for the work, which was so undertaken at the time of my visit on 23rd September 1945.

Mr. P. Govinda Menon *(Ernakulam) :* It was sanctioned under a mis ake.

Mr. Parambi Lonappen *(Minister for Rural Development):* Before I proceed further, I will explain whether sanction was given under a mistake. Some of the speakers referred to the fact that I addressed the previous Minister to see whether he had really sanctioned the work on both sides of the canal or only on the Kurichipadam side under a mistaken impression. This letter was necessitated—my friend Mr. Panampilli knows why it was sent—he made a representation as an Advocate for one of the parties that my predecessor might have made a mistake about the locality and therefore he would have sanctioned the work in Mayyar fields, he would have really sanctioned the work in survey No. 637 and without knowing properly as the actual place where he was sanctioning the work, he made a mistaken order. Well, then, I thought, if he was misled into an error by wrong representations only not revealing all the facts connected with the case, it was incumbent on me to ascertain from my predecessor whether he was misled into that error.

Mr. P. Govinda Menon *(Ernakulam):* Did you think that he will confess it.

Mr. Parambi Lonappen *(Minister for Rural Development):* Every honest man will admit his mistake and I am accustomed to it and my experience in other capacities was also the same, that even the Judges make reviews of mistaken judgments. So I expected any honest man to admit his mistake and there was no reason to suspect that my presumption is wrong. He

LIBRARY ARCHIVES Kerala Legislative Assembly

wrote to me saying that he inspected the locality and it was after inspection of the locality, and he was satisfied that it was a work which was beneficial for all the agriculturists of the locality. You know personally, and Mr. M. I. Paul also known personally, that I made very elaborate enquiries in this matter, after hearing all the parties including.....

Mr. Deputy President: Will the hon'ble Minister require more time.

Mr. Parambi Lonappen *(Minister for Rural Development):* I will finish off in about five minutes. Let not this heat be continued tomorrow.

After scrutinising and enquiring into the matter and perfectly satisfying myself that no diversion of funds has taken place and that the work was beneficial to all concerned, both in Mayyar and Kurichipadam of course, there were petitions for example, one petition stating that, they are prepared to spend money for removing the bund, which petition I found on investigation and on questioning the Diwan Peishkar to be one not based on facts and therefore I did not take serious notice of it—I found that it was all intended for the benefit of all concerned and therefore I allowed the work to progress. Along with that I made a certain modification, because the overbridge provided by my predecessor was a slightly circuitous one and therefore I gave the direct foot-path to the people of Pookode desam from Pookode to Elamkunnapuzha. Well, this is the situation. This resolution comes up after almost the whole work is completed. I request the hon'ble Mover very seriously and earnestly to withdraw the resolution.

മിസ്റ്റർ എം. ഐ. പോൾ: ഡെപ്യൂട്ടി പ്രസിഡണ്ടു് സർ, ഈ പ്രമേയത്തെ സംബന്ധിച്ചു് ശക്തമായ വലിയ വാദപ്രതിവാദങ്ങൾ ഇവിടെ നടത്തിക്കഴിഞ്ഞു. ആ കൂട്ടത്തിൽ ചിലവ്യക്തിവിദ്വേഷത്തെപ്പറ്റി ഒന്നുരണ്ടുമെമ്പർമാർ സംസാരിക്കുകയുണ്ടായി. അതിനെപ്പറ്റിമാത്രം ഒന്നുരണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. ഇവിടെയുള്ള എല്ലാ ബഹുമാനപ്പെട്ട മെമ്പർമാരും ഒന്നാലോചിക്കേണ്ടതുണ്ടു്. നാം ഇവിടെ വരുന്നതു് ജനങ്ങളുടെ അഭിലാഷങ്ങൾ സാധിക്കുന്നതിനും, പൊതുഫണ്ടിൽനിന്നു് ചിലവാക്കുന്ന പണം പൊതുജനങ്ങൾക്കെല്ലാവർക്കും ഉപയോഗപ്രദമാക്കിത്തീർക്കുന്നതിനുംവേണ്ടിയുള്ള ഉദ്ദേശങ്ങളോടുകൂടിയാണു്. അല്ലാതെ ഏതാനും ചില വ്യക്തികളുടെ അഭിലാഷങ്ങൾ സാധിക്കുന്നതിനു വേണ്ടിമാത്രം ആരെങ്കിലും, പ്രവൃത്തിക്കുന്നുണ്ടെങ്കിൽ അതിൽ പ്രത്യേകിക്കാതെയും നിവർത്തിയില്ല. എന്നാൽ ഈ വാദപ്രതിവാദത്തിലടങ്ങിയ വിഷയത്തിൽ, ഏതാനും ചിലവ്യക്തികളോടും അവിടത്തെ ആ പഞ്ചായത്തു പ്രസിഡണ്ടിനോടു പ്രത്യേകിച്ചും ഈ പ്രമേയത്തെ എതിർക്കുന്നവർക്കുള്ള മൈത്രി എത്രത്തോളമുണ്ടെന്നു് അതിലുള്ള രഹസ്യവും എനിക്കു് മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. ഈ കാര്യത്തിൽ രണ്ടായിരത്തോളം വരുന്ന ജനങ്ങളുടെ ആവശ്യങ്ങളെ ബഹുമാനപ്പെട്ട മന്ത്രിയുടെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നു മാത്രമാണു് അവരുടേയും, എന്റേയും ഉദ്ദേശം. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഒരു അവസാനതീരുമാനം ചെയ്യുന്നതിനുമുമ്പു്, ഈ പ്രമേയം കൌൺസിലിൽ സ്വീകരിക്കുന്നപക്ഷം, ഇതിൽ എന്തെങ്കിലും ഉപകാരമുണ്ടാകുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ പ്രമേയം അയക്കുവാൻ ഇടയായതു്. എന്നാൽ പ്രമേയം ഇന്നുവരികയും, മന്ത്രി അവർകളുടെ അവസാന തിട്ടം കഴിയുകയും, ആ ചർച്ച തുടരുകയും ചെയ്തു. ഈ നിലക്കു് ഈ പ്രമേയംമൂലം ഇതിന്റെ കാര്യങ്ങൾ ഈ സഭയെ അറിയിക്കുവാൻ ഇടയാവുകയും ചെയ്തുകൊണ്ടും എന്റെ ബഹുമാന്യസ്നേഹിതന്മാരായ ചിലമെമ്പർമാരും എന്റെ പാർട്ടി ലീഡരും ഈ പ്രമേയം ഇവിടെ പ്രസ്സു ചെയ്യരുതെന്നു് പറഞ്ഞതുകൊണ്ടും ഞാൻ ഈ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

Resolution, by leave, withdrawn

The House rose for the day at 5-5 p. m.

N. S. RADHAKRISHNA SARMA

Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly